27
2026
മാർച്ച്
വെള്ളി
മീനം 13

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 67 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-67 പേജ് 4, വില 2.00 രൂപ




02 കേരളം ചുട്ടുപൊള്ളുന്നു: 12 ജില്ലകളിൽ യെല്ലോ അലർട്ട്

03 അഞ്ച് ഇന്ത്യൻ യുദ്ധക്കപ്പലുകൾ ഹോർമുസിൽ

04 ട്രെയിനിൽ പത്തുവയസുകാരിക്ക് നേരെ ലൈംഗികാതിക്രമം: ജീവനക്കാരൻ പിടിയിൽ

## സമുദ്രമേഖലയിലെ വൈദ്യുത ഗതാഗതം

# കൊച്ചി കപ്പൽശാലയും എച്ച്ബില്ലും കരാറിൽ

കൊച്ചി: സമുദ്ര മേഖലയിലെ വൈദ്യുത ഗതാഗതം വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്യുന്നതിന് സംയുക്ത സംരംഭത്തിനുള്ള കരാറിൽ കൊച്ചി കപ്പൽശാലയും എച്ച്ബിഎൽ എൻജിനിയറിംഗ് ലിമിറ്റഡും ഒപ്പുവച്ചു.



ഇതിൻറെ ഭാഗമായി ഉയർന്ന നിലവാരമുള്ള മറൈൻ ബാറ്ററികൾ, ബാറ്ററി മാനേജ്മെൻറ് സിസ്റ്റങ്ങൾ, ഇലക്ട്രിക് മോട്ടോറുകൾ, ഇലക്ട്രോണിക്സ്, പവർ ചാർജിംഗ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനാണു ലക്ഷ്യമിടുന്നത്.

ആഭ്യന്തരവും അന്താരാഷ്ട്രവുമായ വിപണികളെ ലക്ഷ്യമിട്ട് ഈ സംയുക്ത സംരംഭം പ്രവർത്തിക്കും. ലോകവ്യാപകമായി പരിസ്ഥിതിസൗഹൃദവും സുസ്ഥിരവുമായ മറൈൻ പരിഹാരങ്ങളിലേക്കുള്ള മാറ്റത്തെ പിന്തുണയ്ക്കുന്നതാണ് ഈ നീക്കം.

പുതിയ സംരംഭം കൊച്ചി കപ്പൽശാലയ്ക്കു മാത്രമല്ല രാജ്യത്തിൻറെ മറൈൻ മേഖലയ്ക്കാകെ ഗുണകരമാകുമെന്ന് കൊച്ചി കപ്പൽശാല സിഎംഡിയുടെ ചുമതല വഹിക്കുന്ന ഡയറക്ടർ (ഫിനാൻസ്) വി. ജെ. ജോസ് പറഞ്ഞു.

## പശ്ചിമേഷ്യൻ സംഘർഷം: മുഖ്യമന്ത്രിമാരുടെ യോഗം വിളിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി

ന്യൂഡൽഹി: ഇസ്രയേൽ-ഇറാൻ സംഘർഷം പശ്ചിമേഷ്യയിൽ കടുത്ത യുദ്ധഭീതി ഉയർത്തുന്ന സാഹചര്യത്തിൽ സ്ഥിതിഗതികൾ വിലയിരുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മുഖ്യമന്ത്രിമാരുടെ യോഗം വിളിച്ചു. മേഖലയിലെ നിലവിലെ സ്ഥിതിഗതികളും ഇന്ത്യക്കാരെ ബാധിക്കുന്ന സുരക്ഷാ വിഷയങ്ങളും യോഗത്തിൽ ചർച്ചയാകും.

സംഘർഷം കടുക്കുന്ന സാഹചര്യത്തിൽ ഇന്ത്യയുടെ സാമ്പത്തിക മേഖലയിലുണ്ടാകാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങളും വിദേശത്തുള്ള ഇന്ത്യക്കാരുടെ സുരക്ഷയും പ്രധാനമന്ത്രി വിലയിരുത്തും. യുദ്ധം മൂലം ക്രൂഡ് ഓയിൽ വിലയിലുണ്ടാകുന്ന വർധനവ് ആഭ്യന്തര വിപണിയെ എങ്ങനെ ബാധിക്കുമെന്നത് യോഗത്തിൽ ഗൗരവമായി ചർച്ച ചെയ്യും.

സംഘർഷ മേഖലകളിൽ കുടുങ്ങിക്കിടക്കുന്ന ഇന്ത്യക്കാരെ തിരിച്ചെത്തിക്കുന്നതുമായി ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സഹകരണവും പ്രധാനമന്ത്രി തേടും.

## കരിങ്കടലിൽ റഷ്യൻ എണ്ണക്കപ്പലിന് നേരെ ആക്രമണം; തുർക്കി തീരത്ത് ഡ്രോൺ പതിച്ചു

ന്യൂഡൽഹി: റഷ്യയിലേക്ക് എണ്ണയുമായി പോവുകയായിരുന്ന ടാങ്കർ കപ്പലിന് നേരെ കരിങ്കടലിൽ വെച്ച് ഡ്രോൺ ആക്രമണം ഉണ്ടായതായി റിപ്പോർട്ട്. പലാവു പതാക വഹിച്ച 'എൽബസ്' എന്ന കപ്പലിന് നേരെയാണ് അജ്ഞാത ഡ്രോൺ ആക്രമണം ഉണ്ടായത്. ഇതേത്തുടർന്ന് കപ്പൽ തുർക്കി തീരത്തേക്ക് തിരിച്ചുവിടുകയും സഹായം അഭ്യർത്ഥിക്കുകയും ചെയ്തു.

വെള്ളത്തിനടിയിലൂടെ എത്തിയ ആളില്ലാ വാഹനവും ഡ്രോണും ഉപയോഗിച്ചാണ് ആക്രമണം നടന്നതെന്നാണ് പ്രാഥമിക വിവരം. കപ്പലിൻറെ എൻജിൻ റൂമിന് കേടുപാടുകൾ സംഭവിച്ചെങ്കിലും ജീവനക്കാർക്ക് പരിക്കേൽക്കുകയോ എണ്ണ ചോർച്ച ഉണ്ടാവുകയോ ചെയ്തിട്ടില്ലെന്ന് അധികൃതർ അറിയിച്ചു.

റഷ്യൻ തുറമുഖമായ നോവോറോസിസ്കിലേക്ക് പോവുകയായിരുന്നു കപ്പൽ. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി കരിങ്കടലിൽ റഷ്യൻ ബന്ധമുള്ള കപ്പലുകൾക്ക് നേരെ സമാനമായ ആക്രമണങ്ങൾ തുടർച്ചയായി നടക്കുന്നുണ്ട്.

തങ്ങളുടെ സമുദ്രപരിധിക്ക് സമീപം നടക്കുന്ന ഇത്തരം ആക്രമണങ്ങൾ അംഗീകരിക്കാനാവില്ലെന്ന് തുർക്കി വ്യക്തമാക്കി. മേഖലയിലെ കപ്പൽ ഗതാഗതത്തിൻറെ സുരക്ഷയെക്കുറിച്ച് തുർക്കി നാറ്റോ അംഗങ്ങളുമായി ചർച്ച നടത്തി. റഷ്യ-യുക്രെയ്ൻ യുദ്ധം തുടരുന്ന സാഹചര്യത്തിൽ കരിങ്കടലിലൂടെയുള്ള ഇന്ധന നീക്കം തടസപ്പെടുത്താൻ ലക്ഷ്യമിട്ടുള്ളതാണ് ഈ നീക്കമെന്നാണ് വിലയിരുത്തപ്പെടുന്നത്.

## ഇറാൻ ആക്രമണം; അബുദാബിയിൽ ഇന്ത്യക്കാരനടക്കം രണ്ടു പേർ മരിച്ചു

അബുദാബി: യുഎഇ തലസ്ഥാനമായ അബുദാബിയിൽ ഇറാൻ നടത്തിയ മിസൈൽ ആക്രമണത്തിൽ ഇന്ത്യക്കാരനടക്കം രണ്ടു പേർ മരിച്ചു. ഒരു ഇന്ത്യക്കാരനടകം മൂന്ന് പേർക്ക് പരിക്കേറ്റു. മരിച്ച രണ്ടാമത്തെയാൾ പാക്കിസ്ഥാൻ പൗരനാണെന്നും യുഎഇ പ്രതിരോധ മന്ത്രാലയം അറിയിച്ചു. പരിക്കേറ്റ രണ്ട് പേർ യുഎഇ, ജോർദാൻ സ്വദേശികളാണ്. അബുദാബിയിലെ സ്വയ്ഹാനിലാണ് മിസൈലാക്രമണം ഉണ്ടായത്. ഇറാൻറെ ബാലിസ്റ്റിക് മിസൈൽ ആകാശത്തുവച്ച് യുഎഇ തകർത്തിരുന്നു. അവശിഷ്ടങ്ങൾ വീണാണ് രണ്ടു പേർ മരിച്ചതെന്നും മൂന്ന് പേർക്ക് പരിക്കേറ്റതെന്നും യുഎഇ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

നിരവധി വാഹനങ്ങൾക്കും കേടുപാട് പറ്റിയിട്ടുണ്ട്. ഇതോടെ യുഎഇയിൽ ഇറാൻ ആക്രമണത്തിൽ മരിച്ചവരുടെ എണ്ണം പതിനൊന്നായി. ഇതിൽ മൂന്നു പേര് സൈനികരാണ്. മിസൈൽ ആക്രമണ ശ്രമമുണ്ടെന്നും ജാഗ്രത പാലിക്കണമെന്നും യുഎഇ ആഭ്യന്തരമന്ത്രാലയം രാവിലെ മുന്നറിയിപ്പ് നൽകിയിരുന്നു.

## യുപിഐ പേയ്മെന്റിന് ബയോമെട്രിക് അംഗീകാരം

തിരുവനന്തപുരം: നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (എൻപിസിഐ) സബ്സിഡിയറി ആയ എൻപിസിഐ ഭീം സർവീസസ് ലിമിറ്റഡ് (എൻബിഎസ്എൽ) ഭീം പേയ്മെന്റ്സ് ആപ്പിൽ യുപിഐ പേയ്മെന്റിനുള്ള ബയോമെട്രിക് അംഗീകാരം ആരംഭിച്ചതായി അറിയിച്ചു. പുതിയ ഫീച്ചർ ഉപയോക്താക്കൾക്ക് തങ്ങളുടെ സ്മാർട്ട്ഫോണിന്റെ വിരലടയാളം അല്ലെങ്കിൽ മുഖം തിരിച്ചറിയൽ ഉപയോഗിച്ച് 5,000 രൂപ വരെ യുപിഐ ഇടപാടുകൾക്ക് അംഗീകാരം നൽകാനാകും.

ഇത് ദിവസേനയുടെ പേയ്മെന്റുകൾ വേഗത്തിലും ലളിതംവും സുരക്ഷിതവുമാക്കുന്നതായി എൻപിസിഐ അറിയിച്ചു. ഫീച്ചർ നിലവിൽ ഫിംഗർപ്രിന്റും മുഖം തിരിച്ചറിയലും പിന്തുണക്കുന്ന ഐഒഎസ്, ആൻഡ്രോയിഡ് ഡിവൈസുകളിൽ ലഭ്യമാണെന്ന് എൻബിഎസ്എൽ എംഡി ലളിത നടരാജ് പറഞ്ഞു.

### തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കുലറിൽ ബിജെപി മുദ്ര

## രാഷ്ട്രീയ നിഷ്പക്ഷത പാലിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി

തിരുവനന്തപുരം: തെരഞ്ഞെടുപ്പ് കമ്മീഷൻറെ ഔദ്യോഗിക സർക്കുലറിൽ ബിജെപിയുടെ ചിഹ്നം പതിപ്പിച്ചതിനെതിരെ രൂക്ഷവിമർശനവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. സംഭവത്തിൽ അന്വേഷണം ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേരളത്തിൻറെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് കത്തയച്ചു. പോളിംഗ് ഉദ്യോഗസ്ഥർക്കായി തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കിയ ഔദ്യോഗിക മാർഗനിർദ്ദേശങ്ങളടങ്ങിയ രേഖയിലാണ് ബിജെപിയുടെ താമര ചിഹ്നമുള്ള സീൽ പതിപ്പിച്ചത്. ഭരണഘടനാ സ്ഥാപനമായ തിരെഞ്ഞെടുപ്പ് കമ്മീഷൻ പൂർണമായ രാഷ്ട്രീയ നിഷ്പക്ഷത പാലിക്കണമെന്നും, ഇത്തരം സംഭവങ്ങൾ കമ്മീഷൻറെ വിശ്വാസ്യതയെ ബാധിക്കുമെന്നും മുഖ്യമന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി. എങ്ങനെയാണ് ഒരു രാഷ്ട്രീയ പാർട്ടിയുടെ മുദ്ര ഔദ്യോഗിക രേഖയിൽ വന്നതെന്ന് പരിശോധിക്കണമെന്നും ഇതിന് പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ കർശന നടപടി വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഉദ്യോഗസ്ഥ തലത്തിൽ ഇത്തരമൊരു വീഴ്ച സംഭവിച്ചത് ഗൗരവകരമാണെന്നാണ് സർക്കാർ വിലയിരുത്തുന്നത്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ സുതാര്യത ഉറപ്പുവരുത്താൻ കമ്മീഷൻ അടിയന്തരമായി ഇടപെടണമെന്നും മുഖ്യമന്ത്രി കത്തിൽ ആവശ്യപ്പെട്ടു

## ഹോർമുസിൻറ കാവൽക്കാരെനയും വധിച്ചു, കൊല്ലപ്പെട്ടത് ഇറാൻ നാവികസേനാ തലവൻ അലിരേസ തംഗ്സിരി

ടെഹ്റാൻ: പശ്ചിമേഷ്യൻ സംഘർഷം പുതിയ തലത്തിലേക്ക്. ഹോർമുസ് കടലിടുക്കിലെ ഉപരോധത്തിന് നേതൃത്വം നൽകിയിരുന്ന ഇറാൻറെ പ്രമുഖ നാവികസേനാ കമാൻഡർ അഡ്മിറൽ അലിരേസ തംഗ്സിരി കൊല്ലപ്പെട്ടു. ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിലാണ് ഇദ്ദേഹം കൊല്ലപ്പെട്ടതെന്നാണ് പ്രാഥമിക റിപ്പോർട്ടുകൾ. ഹോർമുസ് കടലിടുക്ക് വഴിയുള്ള അന്താരാഷ്ട്ര കപ്പൽ ഗതാഗതം തടസപ്പെടുത്തുന്നതിനും ഇസ്രയേലുമായി ബന്ധമുള്ള കപ്പലുകൾ പിടിച്ചെടുക്കുന്നതിനും ചുക്കാൻ പിടിച്ചിരുന്നത് തംഗ്സിരി ആയിരുന്നു. ഇറാൻറെ റെവല്യൂഷണറി ഗാർഡ് കോർപ്സിൻറെ നാവികസേനാ വിഭാഗം മേധാവിയായിരുന്നു ഇദ്ദേഹം. ഇറാൻറെ തെക്കൻ തീരപ്രദേശത്ത് വെച്ചാണ് ഇസ്രയേൽ ഡ്രോണുകളോ മിസൈലുകളോ ഉപയോഗിച്ച് ആക്രമണം നടത്തിയതെന്നാണ് കരുതപ്പെടുന്നത്. ഇസ്രയേൽ ഔദ്യോഗികമായി ഇതിനോട് പ്രതികരിച്ചിട്ടില്ലെങ്കിലും, ഇറാൻറെ സൈനിക ശേഷി തകർക്കുന്നതിൻറെ ഭാഗമായാണ് ഈ നീക്കമെന്നാണ് വിലയിരുത്തൽ.

## ഇറാനിൽനിന്ന് എൽപിജി വാങ്ങി ഇന്ത്യൻ ഓയിൽ

മുംബൈ: പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപറേഷൻ ഇറാൻനിന്ന് ലികിഫൈഡ് പെട്രോളിയം ഗ്യാസ് വാങ്ങിയതായി റിപ്പോർട്ടുകൾ. 2018 ജൂണിനുശേഷം ഏതാണ് എട്ടു വർഷത്തിനുശേഷമാണ് ഇന്ത്യൻ ഓയിൽ ഇറാനിൽ നിന്ന് നേരിട്ട് എൽപിജി വാങ്ങുന്നത്.

ഒരു പതിറ്റാണ്ടിനിടയിലെ ഏറ്റവും രൂക്ഷമായ പാചകവാതക ക്ഷാമം പരിഹരിക്കാനുള്ള സുപ്രധാന നീക്കത്തിൻറെ ഭാഗമായാണ് ഇന്ത്യൻ ഓയിലിൻറെ ഈ ഇടപാട്.

ഏകദേശം 43000 ടൺ ബ്യൂട്ടേനും പ്രൊപ്പേനുമാണ് ഈ ചരക്കിലുള്ളത്. ഇറക്കുമതി ചെയ്ത ഈ പാചകവാതകവിഹിതം മറ്റ് പൊതുമേഖല സ്ഥാപനങ്ങളായ ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് എന്നിവയുമായി ഇന്ത്യൻ ഓയിൽ പങ്കുവയ്ക്കുമെന്നാണ് വിവരം.

ഇറാനിൽനിന്നുള്ള അസംസ്കൃത എണ്ണയോ മറ്റ് പെട്രോളിയം ഉത്പന്നങ്ങളോ വാങ്ങാൻ ഇന്ത്യക്ക് അനുമതി നല്കിക്കൊണ്ട് ഈ മാസം ആദ്യ യുഎസ്എ താത്കാലിക ഇളവ് നല്കിയിരുന്നു. ഇതിനുശേഷം ഇറാനിൽനിന്ന് ഇന്ത്യ നടത്തുന്ന ആദ്യ ഇടപാടാണ്.

## ഡി. കെ. മുരളി ജയിക്കുമെന്ന് ഫേസ്ബുക്ക് പോസ്റ്റ്; സിപിഒയ്ക്ക് സസ്പെൻഷൻ

തിരുവനന്തപുരം: വാമനപുരത്തെ എൽഡിഎഫ് സ്ഥാനാർഥി ഡി. കെ. മുരളി ജയിക്കുമെന്ന് ഫേസ്ബുക്കിൽ കമൻറിട്ട പോലീസുകാരനെ സസ്പെൻഡു ചെയ്തു. പാങ്ങോട് സ്റ്റേഷനിലെ സിപിഒ വൈശാഖൻ സതീശനെയാണ് സസ്പെൻഡ് ചെയ്തത്.

തിരുവനന്തപുരം റൂറൽ പോലീസ് മേധാവിയുടേതാണ് നടപടി. ഒരു മാധ്യമത്തിൻറെ വാമനപുരം ഇത്തവണ ആർക്കൊപ്പം എന്ന തലക്കെട്ടോടുകൂടിയ പോസ്റ്റിനാണ് വൈശാഖൻ കമൻറിട്ടത്.

ഇത് സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനമെന്നാണ് സസ്പെൻഷൻ ഉത്തരവിൽ പറയുന്നു. വൈശാഖൻറെ പ്രവൃത്തി സേനയ്ക്ക് അവമതിപ്പും കളങ്കവും ഉണ്ടാക്കിയെന്നും എസ്പി പറഞ്ഞു.



# ലക്ഷണമൊത്തെ ആർഎസ്എസ് ഏജൻറ് പിണറായി വിജയനാണെന്ന് വി. ഡി. സതീശൻ

കൊച്ചി: ഗോൾവാൾക്കർ പരാമർശത്തിൽ മുഖ്യമന്ത്രി പിണറായി വിജയന് മറുപടിയുമായി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ആർഎസ്എസിനെ പ്രതിരോധിച്ചത് സിപിഎമ്മാണെന്നും അതിൽ കോൺഗ്രസിന് ഒരു പങ്കുമില്ലെന്നുമുള്ള പിണറായി വിജയൻറെ നിരന്തരമുള്ള പ്രസ്താവന ചരിത്രം അറിയുന്ന കേരള ജനത അവജ്ഞയോടെ തള്ളിക്കളയുമെന്നും കാരണം ലക്ഷണമൊത്തെ ആർഎസ്എസ് ഏജൻറ് പിണറായി വിജയനാണെന്നും സതീശൻ പറഞ്ഞു.

1977 ൽ ആർഎസ്എസിൻറെ പിന്തുണയിൽ മത്സരിച്ച് നിയമസഭയിൽ എത്തിയ എംഎൽഎ പിണറായി വിജയനാണ്, അല്ലാതെ വി. ഡി. സതീശനല്ല. അന്ന് ഉദുമയിലെ സിപിഎം- ആർഎസ്എസ് സംയുക്ത സ്ഥാനാർഥിയായിരുന്നില്ലേ ആർഎസ്എസ് നേതാവ് കെ. ജി. മാരാർ അതേ കെ. ജി. മാരാർ ഇ. എം. എസിന് ബാഡ്ജ് കുത്തിക്കൊടുക്കുന്ന ചിത്രം ഇപ്പോഴും ലഭ്യമാണെന്നതും മറക്കരുതെന്നും സതീശൻ ഫേസ്ബുക്കിൽ കുറിച്ചു.

പാലക്കാട് മത്സരിച്ച സിപിഎം സ്ഥാനാർഥി ശിവദാസ മേനോൻറെ പ്രചരണ പരിപാടിയിൽ മുതിർന്ന ബിജെപി നേതാവ് എൽ. കെ. അദ്വാനി പങ്കെടുത്തതും പിണറായി വിജയൻ നിഷേധിക്കുമോ 1989 ൽ കോൺഗ്രസിനെ അട്ടിമറിക്കാൻ വി. പി. സിംഗിന് പിന്തുണ നൽകിക്കൊണ്ട് സിപിഎം നേതാക്കളായ ഇ. എം. എസും ജോതിബസുവും അദ്വാനിക്കും വാജ്പേയ്ക്കും ഒപ്പം നിൽക്കുന്ന ചിത്രങ്ങളും ഗൂഗിളിൽ പരതിയാൽ കിട്ടും.

ഈ വിപ്ലവ പാരമ്പര്യങ്ങളൊക്കെ മറച്ചുവച്ചുകൊണ്ടാണ് ആർഎസ്എസിനോട് ഒരു ഘട്ടത്തിലും സന്ധി ചെയ്തിട്ടില്ലെന്നും വർഗീയതയെ ഒറ്റപ്പെടുത്താൻ ശ്രമിച്ചെന്നും പിണറായി വിജയൻ പറയുന്നത്.

കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിൽ സിപിഎം-ബിജെപി സഖ്യം കേരളത്തിൽ ഉണ്ടായിരുന്നെന്ന വെളിപ്പെടുത്തൽ നടത്തിയത് ആർഎസ്എസ് മുഖപത്രമായ ഓർഗനൈസറിൻറെ മുൻ എഡിറ്റർ ബാലശങ്കറാണ്. അതിന് എന്ത് മറുപടി പറയാനുണ്ട് ആ സഖ്യത്തിൻറെ കാരണഭൂതൻ പിണറായി വിജയനാണ്. വി. ഡി സതീശനല്ല.

ഔദ്യോഗിക വാഹനം ഉപേക്ഷിച്ച് സ്വകാര്യ വാഹനത്തിൽ തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ ആർഎസ്എസ് നേതാക്കളുമായി ശ്രീ എമ്മിൻറെ മധ്യസ്ഥതയിൽ ചർച്ച നടത്തിയതും പിണറായി വിജയനാണ്, വി. ഡി. സതീശനല്ല. നിയമസഭയിൽ പ്രതിപക്ഷ നേതാവെന്ന നിലയിൽ ഇക്കാര്യം ചോദിച്ചപ്പോൾ മറുപടി പറയാതെ തലകുനിച്ച് ഇരുന്ന മുഖ്യമന്ത്രിയുടെ പേരും പിണറായി വിജയനെന്നാണ്. ദേശീയപാത തകർന്ന് വീണപ്പോൾ നാഗ്പുരിലെ ആർഎസ്എസ് ആസ്ഥാനത്തിൻറെ പ്രതിനിധിയായ നിതിൻ ഗഡ്കരിക്ക് ആമാടപ്പെട്ടിയും പൊന്നാടയുമായി പോയതും പിണറായി വിജയനാണ്, വി. ഡി. സതീശനല്ല. നിർമല സീതാരാമനുമായി ഡൽഹിയിൽ പുട്ടും കടലയും കഴിക്കാൻ പോയപ്പോൾ സംസ്ഥന ഗവർണറെ കൂടെ കൂട്ടിയത് പിണറായി വിജയനാണ്, വി. ഡി സതീശനല്ല. അമിത് ഷാ പറഞ്ഞപ്പോൾ 90 ഡിഗ്രി കുനിഞ്ഞു നിന്ന് പിഎം ശ്രീയിൽ ഒപ്പിട്ടു കൊടുത്ത ആളുടെ പേര് പിണറായി വിജയൻ എന്നാണ്, വി. ഡി സതീശനെന്നല്ല.

ഒരു ഘട്ടത്തിൽ ആർഎസ്എസ് വോട്ട് വേണ്ടെന്ന് പറഞ്ഞിട്ടുണ്ടെന്നും എല്ലാ ഘട്ടത്തിലും അങ്ങനെ പറഞ്ഞിട്ടില്ലെന്നും മനോരമ ചാനലിന് അഭിമുഖം നൽകിയ ആളുടെ പേരും പിണറായി വിജയൻ എന്നാണ്, വി. ഡി. സതീശൻ എന്നല്ല.

മുഖ്യമന്ത്രിക്കും കുടുംബത്തിനും എതിരായ കേന്ദ്ര ഏജൻസികളുടെ അന്വേഷണങ്ങൾ ഒഴിവാക്കുന്നതിന് പകരം ബിജെപി സംസ്ഥാന അധ്യക്ഷൻ പ്രതിയാകേണ്ടിയിരുന്ന കൊടകര കുഴൽപ്പണ കേസ് അട്ടിമറിച്ചത് പിണറായി വിജയനാണ്, വി. ഡി. സതീശനല്ല.

എഡിജിപിയെ ആർഎസ്എസ് നേതാക്കളുടെ അരികിലേക്ക് ദൂതുമായി അയച്ച മുഖ്യമന്ത്രിയും പിണറായി വിജയനാണ്, വി. ഡി. സതീശനല്ല. പിടിക്കപ്പെട്ടപ്പോൾ യാതൊരു ഉളുപ്പുമില്ലാതെ എഡിജിപിയെ സംരക്ഷിച്ചതും ഇതേ പിണറായി വിജയനാണ്.

തൃശൂർ പൂരം കലക്കി ബിജെപിയെ തൃശൂരിൽ ജയിപ്പിച്ച് കരുവന്നൂരിലെ ഇഡി അന്വേഷണവും മകളുടെ കമ്പനിക്കെതിരായ എസ്എഫ്ഐഒ അന്വേഷണവും അട്ടിമറിച്ച മുഖ്യമന്ത്രിയുടെ പേരും പിണറായി വിജയനെന്നാണ്.

സംഘ്പരിവാറിന് എതിരായ കോൺഗ്രസിൻറെ പോരാട്ടത്തിന് പിണറായി വിജയൻറെ സ്റ്റഡി ക്ലാസ് വേണ്ട. അത് ഇനി കേരളത്തിലെ സിപിഎമ്മിനും അതിൻറെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. മുഖ്യമന്ത്രിയുടെ കൈയിലുള്ളതിനേക്കാൾ ചിത്രങ്ങൾ ഞങ്ങളുടെ കൈയിലുണ്ട്. അതിന് കൂടി മറുപടി പറഞ്ഞു പോകൂവെന്നും സതീശൻ കൂട്ടിച്ചേർത്തു.

# കേരളം ചുട്ടുപൊള്ളുന്നു: 12 ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: കേരളത്തിൽ വരും ദിവസങ്ങളിൽ ചൂട് അസഹനീയമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്. ഇടുക്കി, വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ വരും ദിവസങ്ങളിൽ ഉയർന്ന താപനില തുടരുമെന്നതിനാൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. സാധാരണ ലഭിക്കുന്നതിനേക്കാൾ രണ്ട് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ചൂട് വർധിക്കാനാണ് സാധ്യത.

കൊല്ലം, കോട്ടയം, പാലക്കാട് ജില്ലകളിൽ താപനില 38ഥസെൽഷ്യസ് വരെ ഉയർന്നേക്കാം. പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37ഥവരെയും, തിരുവനന്തപുരം, മലപ്പുറം, കാസർകോട് ജില്ലകളിൽ 36ഥവരെയും ചൂട് വർധിക്കാൻ സാധ്യതയുണ്ട്.

പകൽ11 മണി മുതൽ വൈകിട്ട് മൂന്ന് മണി വരെ നേരിട്ട് വെയിൽ ഏൽക്കുന്നത് പരമാവധി ഒഴിവാക്കണമെന്ന് പൊതുജനങ്ങൾക്ക് മുന്നറിയിപ്പുണ്ട്. നിർജലീകരണം തടയാൻ ദാഹമില്ലെങ്കിലും ധാരാളം വെള്ളം കുടിക്കാൻ ശ്രദ്ധിക്കണം. അയഞ്ഞ, ഇളം നിറത്തിലുള്ള പരുത്തി വസ്ത്രങ്ങൾ ധരിക്കുക, പുറത്തിറങ്ങുമ്പോൾ കുടയോ തൊപ്പിയോ നിർബന്ധമായും ഉപയോഗിക്കുക, കുട്ടികൾ, മുതിർന്ന പൗരന്മാർ, ഗർഭിണികൾ എന്നിവർ വെയിൽ ഏൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം, ഉച്ചസമയത്ത് കന്നുകാലികളെ വെയിലത്ത് നിർത്തരുത് എന്നിങ്ങനെയുള്ള നിർദേശങ്ങളും പൊതുജനങ്ങൾക്കായി കാലാവസ്ഥ ഏജൻസികൾ പങ്കുവെച്ചു.

മാർച്ച് 27,28 തീയതികളിൽ സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ വേനൽ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ കേന്ദ്രം അറിയിച്ചു. മധ്യകേരളത്തിലെ തീരദേശ മേഖലകളിൽ അന്തരീക്ഷ ഈർപ്പം കൂടുന്നതിനാൽ കൂടുതൽ ഉഷ്ണം അനുഭവപ്പെടാൻ സാധ്യതയുണ്ട്.

# ഏലപ്പാറയിലെ ലോഡ്ജിൽ ഹോട്ടൽ തൊഴിലാളി മരിച്ച നിലയിൽ

ഇടുക്കി: ഏലപ്പാറയിലെ ലോഡ്ജിൽ യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി. കോതമംഗലം സ്വദേശി മനുവിനെയാണ് മരിച്ചനിലയിൽ കണ്ടെത്തിയത്. ഏലപ്പാറയിലെ ഹോട്ടൽ ജീവനക്കാരനാണ് മനു.

സംഭവം കൊലപാതകമെന്നാണ് പോലീസ് സംശയം. മനുവിൻറെ ഒപ്പം താമസിച്ചിരുന്നയാളുമായി ലോഡ്ജിനുള്ളിൽ അടിപിടി ഉണ്ടായതിനെതുടർന്നാണ് മനു മരിച്ചതെന്നാണ് പോലീസ് നിഗമനം. ലോഡ്ജിൽ ഇയാൾക്കൊപ്പം താമസിച്ച ഇതര സംസ്ഥാന സ്വദേശി ഒളിവിലാണ്. രാവിലെ ലോഡ്ജിലെ ജീവനക്കാരനാണ് മനുവിനെ മരിച്ച നിലയിൽ കണ്ടത്. പീരുമേട് പോലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ച് മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി. ഒളിവിൽ പോയ ജാർഖണ്ഡ് സ്വദേശിയ്ക്കായി പോലീസ് അന്വേഷണം ആരംഭിച്ചു.

# പ്രിന്റിംഗ് ടെക്നോളജി കോഴ്സിന് അപേക്ഷിക്കാം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരം (04712474720, 2467728), എറണാകുളം (04842605322), കോഴിക്കോട് (04952356591, 2723666) കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന കേരള സർക്കാർ അംഗീകാരമുള്ള ഒരു വർഷ കെജി.ടി.ഇ പ്രീ-പ്രസ് ഓപ്പറേഷൻ, കെജി.ടി.ഇ പ്രസ് വർക്ക്, കെജി.ടി.ഇ പോസ്റ്റ്-പ്രസ്സ് ഓപ്പറേഷൻ & ഫിനിഷിംഗ് 2026-27 കോഴ്സുകളിൽ അപേക്ഷ ക്ഷണിച്ചു. അപേക്ഷ മാർച്ച് 31നകം നൽകണം. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി / പട്ടികവർഗ / മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസാനുകൂല്യം ലഭിക്കും.

ഒ.ബി.സി / എസ്.ഇ.ബി.സി / മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.

അപേക്ഷാ ഫോം 100 രൂപയ്ക്ക് സെന്ററിൽ നിന്ന് നേരിട്ടും / മണിഓർഡറായി 135 രൂപ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 എന്ന വിലാസത്തിൽ തപാലിലും വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത അപേക്ഷ മാനേജിംഗ് ഡയറക്ടർ, സി-ആപ്റ്റിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതവും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 0471-2474720, 0471-2467728 www.captkerala.com .

# കുട്ടനാട്ടിലെ യുഡിഎഫ് വിമതൻ സജി ജോസഫ് പത്രിക പിൻവലിച്ചു

ആലപ്പുഴ: കുട്ടനാട് മണ്ഡലത്തിൽ യുഡിഎഫിന് പ്രതിസന്ധി സൃഷ്ടിച്ച വിമത സ്ഥാനാർഥി സജി ജോസഫ് പത്രിക പിൻവലിച്ചു. കഴിഞ്ഞ ദിവസം എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ സജി ജോസഫുമായി നടത്തിയ ചർച്ചയെ തുടർന്നാണ് ഈ നടപടി. പാർട്ടിക്കും മുന്നണിക്കും ദോഷകരമായി മാറുന്ന ഒരു പ്രവൃത്തിയിലേക്കും പോകരുതെന്നും യുഡിഎഫിൻറെ വിജയത്തിനായി ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും സജി ജോസഫിനോട് കെ. സി ആവശ്യപ്പെട്ടിരുന്നു.

കുട്ടനാട് സീറ്റ് കേരള കോൺഗ്രസിൽ നിന്ന് ഏറ്റെടുക്കാത്തതിൽ പ്രതിഷേധിച്ചായിരുന്നു സജി ജോസഫ് വിമതനായി മത്സരിക്കാൻ തീരുമാനിച്ചത്. തുടർന്ന് അദ്ദേഹം പാർട്ടിയിൽ നിന്ന് രാജിവച്ചിരുന്നു. യുഡിഎഫ് സ്ഥാനാർഥിയുടെ വിജയത്തിനായി പ്രവർത്തിക്കുമെന്ന് സജി ജോസഫ് പറഞ്ഞു. കുട്ടനാട്ടിൽ കേരള കോൺഗ്രസിലെ റെജി ചെറിയാനാണ് യുഡിഎഫ് സ്ഥാനാർഥി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ചെറിയ ഭൂരിപക്ഷത്തിനായിരുന്നു യുഡിഎഫിന് കുട്ടനാട് സീറ്റ് നഷ്ടമായത്.

# മോദിയുടെയും ഷായുടെയും ഗുഡ് ബുക്കിൽ കയറാനാണ് പിണറായി ശ്രമിക്കുന്നത്: വി. ഡി. സതീശൻ

കൊച്ചി: രാഹുൽ ഗാന്ധിയെ വിമർശിച്ച മുഖ്യമന്ത്രിയെ കടന്നാക്രമിച്ച് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. നരേന്ദ്രമോദിയുടെയും അമിത് ഷായുടെയും ഗുഡ് ബുക്കിൽ കയറാനാണ് പിണറായി വിജയൻ ശ്രമിക്കുന്നത്. ഇതിനുവേണ്ടിയാണ് രാഹുൽ ഗാന്ധിയെ വിമർശിക്കുന്നത്.

90 ഡിഗ്രി കുനിഞ്ഞാണ് മുഖ്യമന്ത്രി മോദിയുടെയും ഷായുടെയും മുന്നിൽ നിൽക്കുന്നത്. ഇവർ പറഞ്ഞാൽ പിണറായി വിജയൻ ഏത് കടലാസിലും ഒപ്പിടും. ഇത് കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ടെന്നും തെരഞ്ഞെടുപ്പിൽ ബിജെപിയും സിപിഎമ്മും തമ്മിൽ ഡീലുണ്ടെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

കേരളത്തിൽ ബിജെപിയുമായി സിപിഎമ്മിന് ഡീലുണ്ടെന്ന് രാഹുൽ ഗാന്ധി പറഞ്ഞിരുന്നു. ഇതിനു മറുപടി പറഞ്ഞ മുഖ്യമന്ത്രി രാഹുൽ ഗാന്ധിയെ രൂക്ഷമായി വിമർശിച്ചിരുന്നു. രാഹുൽ ഒരു അഖിലേന്ത്യ നേതാവാണെങ്കിലും ഒരു പ്രാദേശിക നേതാവിൻറെ ധാരണ പോലും ഇല്ലെന്നായിരുന്നു മുഖ്യമന്ത്രിയുടെ വിമർശനം.

# സമ്മർ ട്രെയിനിംഗ്

സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്വതന്ത്രവിജ്ഞാന ഗവേഷണ വികസനകേന്ദ്രം (ഐസിഫോസ്)' 15 ദിവസം നീണ്ടുനിൽക്കുന്ന ഓൺലൈൻ സമ്മർ ട്രെയിനിംഗ് സ്കൂൾ വിദ്യാർത്ഥികൾക്കായി ഏപ്രിൽ 6 മുതൽ 25 വരെ സംഘടിപ്പിക്കുന്നു. ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ & പൈത്തൺ എന്നീ വിഷയങ്ങളിൽ, 15 പ്രവർത്തി ദിവസങ്ങളിലായി 30 മണിക്കൂർ ദൈർഘ്യമുള്ള ഈ ഓൺലൈൻ ട്രെയിനിംഗ്, വൈകുന്നേരം 6 മുതൽ 8 മണി വരെ ആയിരിക്കും നടക്കുന്നത്. പങ്കെടുക്കുന്നവരുടെ എണ്ണം 50 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ ഫീ 2,500 രൂപ. ഏപ്രിൽ 1 വരെ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും വഠ്ഠേ:/ /ശരളീൈ.ശി/ല്‌ലിറേലമേശഹ/219 എന്ന വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ രാവിലെ 10 മണി മുതൽ വൈകുന്നരം 5 മണിവരെ +91 7356610110, +91 471 2413012 / 13 / 14, +91 9400225962 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# അപേക്ഷാ തീയതി നീട്ടി

ഡെറാഡൂണിലെ രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിലേക്ക് (ഞകങഇ) ജൂണിൽ നടക്കുന്ന 8ാം ക്ലാസ് പ്രവേശന പരീക്ഷയുടെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 15 വരെയാക്കി ദീർഘിപ്പിച്ചു.

## കൈറ്റ് വിക്ടേഴ്സിൽ മാർച്ച് 28 മുതൽ കെ – ടെറ്റ് ക്ലാസുകൾ

കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റിന് (കെ-ടെറ്റ്) തയ്യാറെടുക്കുന്നവർക്കായി കൈറ്റ് വിക്ടേഴ്സ് ചാനലിൽ പ്രത്യേക പരിശീലന പരിപാടി മാർച്ച് 28 മുതൽ ആരംഭിക്കുന്നു. ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ, സ്പെഷ്യൽ എന്നിങ്ങനെ കെ-ടെറ്റിന്റെ നാലു വിഭാഗങ്ങളിലും പ്രത്യേക ക്ലാസുകളുണ്ടാവും. രാത്രി 8 മണി മുതൽ മൂന്നു ക്ലാസുകൾ എല്ലാ ദിവസവും സംപ്രേഷണം ചെയ്യും. പുനഃസംപ്രേഷണം അടുത്തദിവസം രാവിലെ 8 മണിക്കാണ്. ക്ലാസുകൾ കൈറ്റ് വിക്ടേഴ്സിന്റെ യുട്യൂബ് ചാനലായ ്യീൗൗയല.രീാ/ശരേശേരലേൃലും ലഭ്യമാക്കും.

## സൗദിയിൽ വിഷവാതകം ശ്വസിച്ച് മലയാളി മരിച്ചു

റിയാദ്: സൗദിയിലെ താമസസ്ഥലത്ത് മലിനജല പൈപ്പ് ലൈൻ വൃത്തിയാക്കാൻ ഉപയോഗിച്ച ആസിഡിൽനിന്നുള്ള വിഷവാതകം ശ്വസിച്ച് മലപ്പുറം സ്വദേശി മരിച്ചു. റിയാദിലെ അസീസിയയിൽ താമസിക്കുന്ന വേങ്ങര നെടുംപറമ്പ് സ്വദേശി കാങ്കട കടവൻ ഈസ്മായിൽ (51) ആണ് മരിച്ചത്.

മൻഫുഅ അൽഈമാൻ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരണം. താമസിക്കുന്ന ഫ്ലാറ്റിലെ മലിനജല പൈപ്പ് ലൈൻ ശുദ്ധീകരിക്കുന്നതിനായി ഒഴിച്ച സൾഫ്യൂരിക് ആസിഡിൽനിന്നുള്ള വാതകമാണ് അപകടത്തിനു കാരണമായത്.

# പാലായിൽ പോരിനിറങ്ങുന്നത് മുൻ നിയമസഭാംഗങ്ങളായ മൂന്നു പേരുടെ മക്കൾ

കോട്ടയം: മുൻ നിയമസഭാംഗങ്ങളായ മൂന്നു പേരുടെ മക്കളാണു പാലായിൽ പോരിനിറങ്ങുന്നത്. കേരള കോൺഗ്രസ്-എം ചെയർമാൻ ജോസ് കെ. മാണി, മാണി സി. കാപ്പൻ, ബിജെപി സംസ്ഥാന വൈസ് പ്രസിഡൻറ് ഷോൺ ജോർജ് എന്നിവരാണ് സ്ഥാനാർഥികൾ. മറ്റൊരു മണ്ഡലത്തിലുമില്ല ഈ കൗതുകം. മന്ത്രിയായും എംഎൽഎയായും അരനൂറ്റാണ്ട് കാലം പാലായെ പ്രതിനിധീകരിച്ച കെ. എം. മാണിയുടെ വിജയം തുടരാൻ കഴിഞ്ഞ തവണ മകൻ ജോസ് കെ. മാണിയ്ക്കു കഴിഞ്ഞില്ല. അന്ന് മാണി സി. കാപ്പനോട് തോറ്റത് 15,386 വോട്ടുകൾക്ക്. ഇക്കുറി മണ്ഡലം തിരിച്ചു പിടിക്കുമെന്ന വാശിയിലാണ് ജോസ് ഇടതുപക്ഷത്തിനൊപ്പം രണ്ടാം അങ്കത്തിനിറങ്ങുന്നത്.

യുഡിഎഫ് സ്ഥാനാർഥി മാണി സി. കാപ്പനും ശക്തമായ രാഷ്ട്രീയ കുടുംബാടിത്തറയുണ്ട്. പിതാവ് ചെറിയാൻ ജെ. കാപ്പൻ കോൺഗ്രസ് നേതാവും തിരുവിതാംകൂർ – തിരുക്കൊച്ചി നിയമസഭകളിൽ അംഗവുമായിരുന്നു.

2006 മുതൽ പാലായിൽ ഇടതുസ്ഥാനാർഥിയായിരുന്ന മാണി സി. കാപ്പൻ ആദ്യം ജയിക്കുന്നത് കെ. എം. മാണിയുടെ നിര്യാണത്തോടെ 2019ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർഥിയായിട്ടാണ്. ഹാട്രിക് ലക്ഷ്യമിട്ടാണ് കാപ്പൻറെ മത്സരം. നിയമസഭയിലേക്ക് ആദ്യമായിമത്സരിക്കുന്ന ഷോൺ ജോർജ് ഏഴു തവണ പൂഞ്ഞാർ എംഎൽഎയായ പി. സി. ജോർജിൻറെ മകനാണ്. 2016ൽ പി. സി. ജോർജ് ചരിത്രഭൂരിപക്ഷം നേടി ഒറ്റയ്ക്കും ജയിച്ചിട്ടുണ്ട്. കഴിഞ്ഞ തവണ തോറ്റെങ്കിലും ഇക്കുറി ബിജെപി സ്ഥാനാർഥിയാണ് ജോർജ്. അച്ഛനും മകനും സ്ഥാനാർഥിയെന്ന പ്രത്യേകതയുമുണ്ട്.

## വയോധികയെ കൊലപ്പെടുത്തി സ്വർണം കവർന്നു

ഗാന്ധിനഗർ: ഗുജറാത്തിലെ മെഹ്സാനയിൽ വയോധികയെ കൊലപ്പെടുത്തി സ്വർണം കവർന്നു. ഇന്ദ്രാദ് സ്വദേശിനി ശാർദാബെൻ താക്കൂർ (60) ആണ് കൊല്ലപ്പെട്ടത്. മാർച്ച് 20 മുതൽ കാണാതായ ശാർദാബെനിനെ കൃഷിയിടത്തിൽ കുഴിച്ചുമൂടിയ നിലയിൽ കണ്ടെത്തുകയായിരുന്നു.

# രാഹുൽ ഗാന്ധിയുടെ പാർലമെൻറിലെ വേഷവിധാനത്തെ വിമർശിച്ച് കിരൺ റിജിജു; 'സഭയുടെ അന്തസ് പാലിക്കണം'

ന്യൂഡൽഹി: കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ പാർലമെൻറിലെ വേഷവിധാനത്തെയും പെരുമാറ്റത്തെയും രൂക്ഷമായി വിമർശിച്ച് കേന്ദ്രമന്ത്രി കിരൺ റിജിജു. പാർലമെൻറ് ഒരു വിനോദസഞ്ചാര കേന്ദ്രമല്ലെന്നും സഭയുടെ മര്യാദകളും അന്തസും പാലിക്കാൻ എല്ലാവരും ബാധ്യസ്ഥരാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

രാഹുൽ ഗാന്ധി പാർലമെൻറിൽ എത്തുന്ന രീതിയും അവിടുത്തെ പെരുമാറ്റവും സഭയുടെ ഗൗരവത്തെ കുറയ്ക്കുന്നതാണെന്ന് റിജിജു ആരോപിച്ചു. പാർലമെൻറിനെ ഒരു 'പിക്നിക് സ്പോട്ട്' ആയി കാണരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാഹുൽ ഗാന്ധിയുടെ ടി-ഷർട്ട് ധരിച്ചുള്ള സഭയിലെ സാന്നിധ്യവും അദ്ദേഹത്തിൻറെ ചില പ്രസംഗ ശൈലികളും മുൻപും ബിജെപി നേതാക്കളുടെ വിമർശനത്തിന് കാരണമായിരുന്നു.

ജനപ്രതിനിധികൾ സഭയ്ക്കുള്ളിൽ മാന്യമായ വസ്ത്രധാരണവും പെരുമാറ്റവും പുലർത്തണം. ഇത് ജനാധിപത്യത്തിൻറെ ശ്രീകോവിലാണെന്നും അതിൻറെ പരിശുദ്ധി കാത്തുസൂക്ഷിക്കണമെന്നും അദ്ദേഹം പറഞ്ഞു.

# സമ്മർ കോച്ചിംഗ് ക്യാമ്പ്

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വിവിധ കായികയിനങ്ങളിൽ ഏപ്രിൽ 6 മുതൽ മെയ് 20 വരെ സമ്മർ കോച്ചിംഗ് ക്യാമ്പ് നടത്തും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം, ശംഖുമുഖം ജി.വി.രാജ. ഇൻഡോർ സ്റ്റേഡിയം, ഡോ.ബി.ആർ.അംബേദ്കർ ഇന്റർനാഷണൽ സ്വിമ്മിംഗ് പൂൾ, പിരപ്പൻകോട് എന്നിവടങ്ങളിലായിരിക്കും ക്യാമ്പ്. അത്‌ലറ്റിക്സ്, ബാസ്ക്കറ്റ് ബോൾ, ഫുട്ബോൾ, ഹാൻഡ്ബോൾ, കരാട്ടെ, ഗുസ്തി, ബോക്സിംഗ്, ക്രിക്കറ്റ്, ബേസ് ബോൾ എന്നിവയിലെ പരിശീലന ക്യാമ്പ് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലും, ബാഡ്മിന്റൺ ശംഖുമുഖം ജി.വി.രാജ ഇൻഡോർ സ്റ്റേഡിയത്തിലും, നീന്തൽ ഡോ.ബി.ആർ.അംബേദ്കർ ഇന്റർനാഷണൽ സ്വിമ്മിംഗ് പൂളിലും നടക്കും. സമ്മർ കോച്ചിംഗ് ക്യാമ്പിലേക്ക് 8 വയസ്സ് മുതൽ 17 വയസ്സുവരെയുള്ള കുട്ടികൾക്കാണ് പ്രവേശനം. വിശദ വിവരങ്ങൾക്ക്: 0471-2330167, 0471-2331546.

# എ. കെ. ശശീന്ദ്രൻറെ 'സമയം ശരിയായില്ല'; ക്ലോക്ക് ഇല്ല, കാഹളം മുഴക്കുന്ന മനുഷ്യൻ ചിഹ്നം

തിരുവനന്തപുരം: എലത്തൂരിൽ എൽഡിഎഫ് സ്ഥാനാർഥി എ. കെ. ശശീന്ദ്രന് ക്ലോക്ക് ചിഹ്നം ഇല്ല. കാഹളം മുഴക്കുന്ന മനുഷ്യൻറെ ചിഹ്നമാണ് അനുവദിച്ചത്. എൻസിപി അജിത് പവാർ വിഭാഗം സ്ഥാനാർഥി പി. കെ. ശശീന്ദ്രന് ക്ലോക്ക് ചിഹ്നം അനുവദിക്കുകയും ചെയ്തു. ക്ലോക്ക് ചിഹ്നം അനുവദിക്കണമെന്ന എ. കെ. ശശീന്ദ്രൻറെ ആവശ്യം അംഗീകരിച്ചില്ല. മൂന്ന് തെരഞ്ഞെടുപ്പുകളിലും ക്ലോക്ക് ചിഹ്നത്തിലായിരുന്നു എ. കെ. ശശീന്ദ്രൻ മത്സരിച്ചത്. എൻസിപിയിലെ അജിത് പവാർ വിഭാഗത്തിന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഔദ്യോഗികമായി ക്ലോക്ക് ചിഹ്നം അനുവദിച്ചതാണ് എലത്തൂരിൽ വിചിത്രമായ സാഹചര്യം സൃഷ്ടിച്ചത്. പി. കെ. ശശീന്ദ്രനെ അജിത് പവാർ പക്ഷം രംഗത്തിറക്കിയതോടെയാണ് ക്ലോക്ക് ചിഹ്നം ലഭിച്ചത്.

# കിറ്റ്സിൽ എം.ബി.എ. അഭിമുഖം 28 ന്

കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) 2026-28 ബാച്ചിലേക്കുള്ള അഭിമുഖം മാർച്ച് 28ന് രാവിലെ 10.30 ന് തൈക്കാട് ക്യാമ്പസ്സിൽ നടക്കും. 50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും കെ-മാറ്റ്/ സി-മാറ്റ്/ക്യാറ്റ് പ്രവേശന പരീക്ഷ സ്കോർ കാർഡ് ഉള്ളവർക്കും അഭിമുഖത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.kittsedu.org, 9645176828, 9446529467.

# ഡിപ്ലോമ പരീക്ഷാ വിജ്ഞാപനം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 2015 റിവിഷൻ പ്രകാരം 2015-2016 മുതൽ 2018-2019 വരെ അഡ്മിഷൻ നേടി രജിസ്ട്രേഷൻ കാലാവധി അവസാനിച്ച ഡിപ്ലോമ വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി വിഷയങ്ങൾ ഏപ്രിൽ 2026, നവംബർ 2026, ഏപ്രിൽ 2027 കാലയളവുകളിൽ നടത്തുന്ന ഡിപ്ലോമ പരീക്ഷയിൽ എഴുതാൻ അവസരം. വിശദ വിവരങ്ങൾക്ക്: www.sbte.kerala.gov.in .

# വിലനിലവാര സൂചിക

ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 2026 ഫെബ്രുവരി മാസത്തെ വിലനിലവാര സൂചിക പ്രസിദ്ധീകരിച്ചു. ജില്ല, സൂചിക ക്രമത്തിൽ. 2026 ജനുവരി മാസത്തിലേത് ബ്രാക്കറ്റിൽ. തിരുവനന്തപുരം 219 (219), കൊല്ലം 217 (216), പുനലൂർ 213 (213), പത്തനംതിട്ട 227 (226), ആലപ്പുഴ 216 (216), കോട്ടയം 226 (226), മുണ്ടക്കയം 227 (228), ഇടുക്കി 223 (221), എറണാകുളം 210 (210), ചാലക്കുടി 225 (224), തൃശൂർ 224 (224), പാലക്കാട് 204 (205), മലപ്പുറം 216 (216), കോഴിക്കോട് 226 (224), വയനാട് 212 (212), കണ്ണൂർ 224 (224), കാസർഗോഡ് 233 (233).

# അഞ്ച് ഇന്ത്യൻ യുദ്ധക്കപ്പലുകൾ ഹോർമുസിൽ; എണ്ണ ടാങ്കറുകൾക്ക് കാവലൊരുക്കുന്നു

ന്യൂഡൽഹി: പശ്ചിമേഷ്യയിലെ സംഘർഷങ്ങൾക്കിടയിൽ ഇന്ത്യയിലേക്കുള്ള ഇന്ധന ഇറക്കുമതി തടസപ്പെടാതിരിക്കാൻ 'ഓപ്പറേഷൻ ഊർജ സുരക്ഷ'യുമായി ഇന്ത്യൻ നാവികസേന.

ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട എണ്ണക്കടത്തു പാതയായ ഹോർമുസ് കടലിടുക്കിലൂടെ വരുന്ന ഇന്ത്യൻ കപ്പലുകൾക്ക് സുരക്ഷയൊരുക്കാൻ അഞ്ചിലധികം അത്യാധുനിക യുദ്ധക്കപ്പലുകളെയാണ് നാവികസേന വിന്യസിച്ചിരിക്കുന്നത്. പ്രതിരോധ മന്ത്രാലയം, വിദേശകാര്യ മന്ത്രാലയം, ഷിപ്പിംഗ് മന്ത്രാലയം എന്നിവയുടെ സംയുക്തമായ നീക്കമാണിത്.

ഇറാൻ നിയന്ത്രണത്തിലുള്ള ഹോർമുസ് കടലിടുക്കിൽ കുടുങ്ങിക്കിടക്കുന്ന 20 ഊർജ വാഹക കപ്പലുകൾ ഉൾപ്പെടെ 22 ഇന്ത്യൻ കപ്പലുകളെ സുരക്ഷിതമായി പുറത്തെത്തിക്കുക എന്നതാണ് ദൗത്യത്തിൻറെ ലക്ഷ്യം. ഹോർമുസ് കടലിടുക്ക് കടക്കുന്നത് വരെ കപ്പലുകൾക്ക് കൃത്യമായ റൂട്ട് നിർദേശങ്ങൾ നൽകുകയും, കടലിടുക്ക് കഴിഞ്ഞാലുടൻ ഡിസ്ട്രോയറുകളും ഫ്രിഗേറ്റുകളും ഉപയോഗിച്ച് അകമ്പടി സേവിക്കുകയും ചെയ്യുന്ന രീതിയാണ് നാവികസേന പിന്തുടരുക.

എൽപിജി വഹിച്ചുകൊണ്ടുവന്ന പൈൻ ഗ്യാസ്, ജഗ് വസന്ത് എന്നീ കപ്പലുകളെ നാവികസേന സുരക്ഷിതമായി കടത്തിവിട്ടു. ഇവ മാർച്ച് 26–27 തീയതികളിൽ ഇന്ത്യൻ തുറമുഖങ്ങളിലെത്തും. നേരത്തെ ഷിവാലിക്, നന്ദാദേവി എന്നീ കപ്പലുകളെയും ഇത്തരത്തിൽ സുരക്ഷിതമായി എത്തിച്ചിരുന്നു.

കടലിനടിയിൽ ഇറാൻ മൈനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന റിപ്പോർട്ടുകൾ നിലനിൽക്കുന്നതിനാൽ, ഹൈഡ്രോഗ്രാഫിക് ചാർട്ടുകൾ ഉപയോഗിച്ച് അതീവ ജാഗ്രതയോടെയാണ് കപ്പലുകളെ നയിക്കുന്നത്.

# വന്ദേ ഭാരത് ഭക്ഷണത്തിൽ പുഴുക്കൾ; ഐആർസിടിസിക്ക് പത്ത് ലക്ഷവും കരാറുകാരന് 50 ലക്ഷവും പിഴ

ന്യൂഡൽഹി: പാറ്റ്ന – ടാറ്റാനഗർ വന്ദേ ഭാരത് എക്സ്പ്രസ്സിൽ വിളമ്പിയ ഭക്ഷണത്തിൽ പുഴുക്കളെ കണ്ടെത്തിയ സംഭവത്തിൽ റെയിൽവേ മന്ത്രാലയത്തിൻറെ കടുത്ത നടപടി. ഐആർസിടിസിക്കു പത്ത് ലക്ഷം രൂപയും ഭക്ഷണവിതരണ കരാറെടുത്ത കമ്പനിക്ക് 50 ലക്ഷം രൂപയുമാണ് പിഴ ചുമത്തിയത്. കൂടാതെ കരാർ കമ്പനിയായ 'കൃഷ്ണ എൻറർപ്രൈസസിനെ' കരിമ്പട്ടികയിൽ പെടുത്തുകയും അവരുടെ കരാർ ഉടനടി റദ്ദാക്കുകയും ചെയ്തു. മാർച്ച് 15-നാണ് സംഭവം നടന്നത്. പാറ്റ്നയിൽനിന്നു ടാറ്റാനഗറിലേക്കു യാത്ര ചെയ്തിരുന്ന ഒരു സംഘം യാത്രക്കാർക്കാണ് രാത്രി ഭക്ഷണത്തോടൊപ്പം നൽകിയ പാക്കറ്റ് തൈരിൽ ജീവനുള്ള പുഴുക്കളെയും പ്രാണികളെയും കിട്ടിയത്. യാത്രക്കാരിലൊരാളായ റിതേഷ് സിംഗ് ഇതിൻറെ വീഡിയോ സഹിതം സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിൽ പോസ്റ്റ് ചെയ്തതോടെയാണ് സംഭവം പുറംലോകമറിഞ്ഞത്. പരാതിപ്പെട്ടപ്പോൾ ഭക്ഷണത്തിലുണ്ടായിരുന്നത് 'കുങ്കുമപ്പൂവ്' ആണെന്നു പറഞ്ഞ് ജീവനക്കാർ തടിതപ്പാൻ ശ്രമിച്ചുവെന്നും യാത്രക്കാർ ആരോപിക്കുന്നു. എന്നാൽ, പിന്നീടു നടത്തിയ പരിശോധനയിൽ തൈര് കാലാവധി കഴിഞ്ഞതാണെന്നും കണ്ടെത്തി. ആദ്യം ഐആർസിടിസി കരാറുകാരന് 25,000 രൂപ മാത്രമാണ് പിഴ ചുമത്തിയിരുന്നത്. എന്നാൽ പരാതിയുടെ ഗൗരവം പരിഗണിച്ച് റെയിൽവേ ബോർഡ് ഇടപെടുകയും പിഴ തുക 50 ലക്ഷമായി വർധിപ്പിക്കാൻ ഉത്തരവിടുകയുമായിരുന്നു. ശരിയായ മേൽനോട്ടം വഹിക്കാത്തതിനാണ് ഐആർസിടിസിക്കു പത്തു ലക്ഷം രൂപ പിഴയിട്ടത്.

# ഇന്ധനവില കുത്തനെ കൂട്ടി നയാര എനർജി; പെട്രോൾ വില കൂട്ടിയത് ലിറ്ററിന് അഞ്ച് രൂപയിലും അധികം

ന്യൂഡൽഹി: ആഗോള വിപണിയിൽ അസംസ്കൃത എണ്ണവില കുതിച്ചുയരുന്നതിനിടെ രാജ്യത്ത് ഇന്ധന വില വർധിപ്പിച്ച് സ്വകാര്യ കമ്പനിയായ നയാര എനർജി. പെട്രോളിന് ലിറ്ററിന് 5.30 രൂപയും ഡീസലിന് 3 രൂപയുമാണ് വർധിപ്പിച്ചത്. പുതിയ നിരക്കുകൾ നിലവിൽ വന്നു. ഗുജറാത്തിലെ വാദിനാറിലുള്ള നയാരയുടെ റിഫൈനറി ഏപ്രിൽ ആദ്യവാരം മുതൽ 35 ദിവസത്തേക്ക് അറ്റകുറ്റപ്പണികൾക്കായി അടച്ചിടുകയാണ്. ഇത് രാജ്യത്തെ എണ്ണ ശുദ്ധീകരണ ശേഷിയെ ബാധിക്കുമെന്ന ആശങ്ക ഉയർത്തിയിട്ടുണ്ട്. നയാര വില വർധിപ്പിച്ചെങ്കിലും ഇന്ത്യൻ ഓയിൽ, ഭാരത് പെട്രോളിയം, ഹിന്ദുസ്ഥാൻ പെട്രോളിയം തുടങ്ങിയ പൊതുമേഖലാ കമ്പനികൾ നിലവിൽ വില കൂട്ടിയിട്ടില്ല. എന്നാൽ സ്വകാര്യ കമ്പനികളുടെ ചുവടുപിടിച്ച് വരും ദിവസങ്ങളിൽ പൊതുമേഖലാ കമ്പനികളും വില വർധിപ്പിക്കുമോ എന്ന ആശങ്കയിലാണ് ഉപഭോക്താക്കൾ.

ഊർജ പ്രതിസന്ധി അതിരൂക്ഷമായതോടെ അമേരിക്കയുടെ പ്രത്യേക അനുമതിയോടെ ഇറാനിൽ നിന്ന് ഇന്ത്യ എൽപിജി ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചതായും റിപ്പോർട്ടുകളുണ്ട്. ഇറാനിൽ നിന്നുള്ള എൽപിജി ശേഖരവുമായി 'അറോറ' എന്ന കപ്പൽ മംഗലാപുരം തുറമുഖത്തെത്തുമെന്നാണ് വിവരം.

# മകളെ വിഷം കൊടുത്ത് കൊലപ്പെടുത്തിയ യുവാവ് ജീവനൊടുക്കാൻ ശ്രമിച്ചു

ഹൈദരാബാദ്: തെലുങ്കാനയിലെ ലാച്ചമ്മഗുഡെമിൽ മകളെ വിഷം കൊടുത്ത് കൊലപ്പെടുത്തിയ ശേഷം യുവാവ് ജീവനൊടുക്കാൻ ശ്രമിച്ചു. ട്രാക്ടർ ഡ്രൈവറായ വാരിക്കുപ്പാല രവി (30) യാണ് മൂത്തമകൾ മേഘന (രണ്ട്) യെ കൊലപ്പെടുത്തിയത്.

വാരിക്കുപ്പാല ഭാര്യ സ്വാതിയുമായി ഇടക്കിടെ വഴക്കിടാറുണ്ടായിരുന്നു. ഇതേ തുടർന്ന് മൂന്ന് മാസം മുന്പ് സ്വാതി ഒമ്പത് മാസം പ്രായമുള്ള ഇളയമകൾ മയൂരിയുമായി മധുഗുലയിലുള്ള മാതാപിതാക്കളുടെ വീട്ടിലേയ്ക്ക് താമസം മാറിയിരുന്നു. മേഘന വാരിക്കുപ്പാലയോടൊപ്പവുമായിരുന്നു.

സ്വാതി, മേഘനയെ വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പോലീസിൽ പരാതി നൽകിയിരുന്നു. എന്നാൽ ഇത് വിസമ്മതിച്ച വാരിക്കുപ്പാല മേഘനക്ക് എലിവിഷം കലർത്തി കൊടുക്കുകയും ഇയാളും ഇത് കുടിക്കുകയും ചെയ്തു.

ഇതേ തുടർന്ന് മേഘന ഛർദിക്കാൻ തുടങ്ങുകയും വാരിക്കുപ്പാല അവശനാവുകയും ചെയ്തു. ഇരുവരെയും വീട്ടുകാർ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ചികിത്സയിലായിരക്കെ മേഘന മരണമടയുകയായിരുന്നു. വാരിക്കുപ്പാല ഇപ്പോഴും ആശുപത്രിയിൽ ചികിത്സയിലാണ്.

സ്വാതിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഇയാൾക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്. വാരിക്കുപ്പാല ആശുപത്രി വിട്ടാലുടൻ അറസ്റ്റ് ചെയ്യുമെന്ന് പോലീസ് പറഞ്ഞു.

# അന്ധവിശ്വാസങ്ങൾ സ്വാധീനിക്കാറില്ല; ശിവരാത്രി ദിനത്തിലും മാംസാഹാരം കഴിക്കാറുണ്ട്: സിദ്ധരാമയ്യ

ബംഗളൂരു: ശിവരാത്രി, ഉഗാദി തുടങ്ങിയ ഉത്സവ ദിവസങ്ങളിൽ താൻ മാംസാഹാരം കഴിക്കാറുണ്ടെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ. ബജറ്റ് അവതരണത്തിന് അശുഭകരമായ സമയം ഒഴിവാക്കി എന്ന പ്രതിപക്ഷത്തിൻറെ ആരോപണത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം.

ശുഭമുഹൂർത്തങ്ങളിലോ ഭക്ഷണ നിയന്ത്രണങ്ങളിലോ തനിക്ക് വിശ്വാസമില്ലെന്നും അദ്ദേഹം വ്യക്തമാക്കി. രാഹുകാലം, ഗുളികകാലം, യമഗണ്ഡകാലം തുടങ്ങിയ വിശ്വാസങ്ങളെ താൻ പണ്ടേ തള്ളിക്കളഞ്ഞതാണെന്നും ബജറ്റ് ചർച്ചയ്ക്കുള്ള മറുപടിയിൽ മുഖ്യമന്ത്രി പറഞ്ഞു.

അന്ധവിശ്വാസങ്ങളാകരുത് ഭരണപരമായ കാര്യങ്ങളെ നയിക്കേണ്ടതെന്നാണ് തൻറെ നിലപാടെന്നും അദ്ദേഹം വ്യക്തമാക്കി. കഴിഞ്ഞ കാലങ്ങളിൽ പലതവണ രാഹുകാല സമയത്ത് ഞാൻ ബജറ്റ് അവതരിപ്പിച്ചിട്ടുണ്ട്.

ഇത്തവണ കുടുംബാംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും അഭ്യർത്ഥന മാനിച്ചാണ് ആ സമയം ഒഴിവാക്കിയത്.

ജനാധിപത്യത്തിൽ വിശ്വസിക്കുന്നതുകൊണ്ട് അവരുടെ താൽപര്യത്തെ ബഹുമാനിച്ചു. വ്യക്തിപരമായി തനിക്ക് രാഹുകാലത്തെയോ ഗ്രഹണത്തെയോ പേടിയില്ലെന്നും സിദ്ധരാമയ്യ വ്യക്തമാക്കി.

# അബുദാബിയിൽ ഇറാൻറെ ആക്രമണം; മിസൈൽ അവശിഷ്ടങ്ങൾ വീണ് രണ്ടുപേർ മരിച്ചു

അബുദാബി: ഇറാൻറെ മിസൈൽ ആക്രമണം പ്രതിരോധിക്കുന്നതിനിടെ മിസൈലിൻറെ അവശിഷ്ടങ്ങൾ വീണ് രണ്ടുപേർ മരിച്ചു. അബുദാബിയിലെ സ്വൈഹാൻ സ്ട്രീറ്റിലുണ്ടായ സംഭവത്തിൽ മൂന്ന് പേർക്ക് പരിക്കേറ്റു.

വ്യാഴാഴ്ച പുലർച്ചെ ഇറാനിൽ നിന്ന് തൊടുത്ത ബാലിസ്റ്റിക് മിസൈലുകളും ഡ്രോണുകളും യുഎഇ വ്യോമ പ്രതിരോധ സംവിധാനം വിജയകരമായി തകർത്തിരുന്നു.

എന്നാൽ തകർക്കപ്പെട്ട മിസൈലിൻറെ അവശിഷ്ടങ്ങൾ താഴേക്ക് പതിച്ചതാണ് അപകടത്തിന് കാരണമായതെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

പ്രദേശത്ത് നിർത്തിയിട്ടിരുന്ന നിരവധി വാഹനങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. രാജ്യത്തിൻറെ വ്യോമാതിർത്തി ലക്ഷ്യമിട്ടെത്തിയ മിസൈലുകളെയും ഡ്രോണുകളെയും സൈന്യം ആകാശത്തുവെച്ച് തന്നെ തടഞ്ഞതായി പ്രതിരോധ മന്ത്രാലയം സ്ഥിരീകരിച്ചു.

## കോഷൻ ഡിപ്പോസിറ്റ്

തിരുവനന്തപുരം എൻജിനിയറിങ് കോളേജിലെ ഹോസ്റ്റലിൽ 2009 മുതൽ 2015 വരെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽ, ഹോസ്റ്റൽ കോഷൻ ഡിപ്പോസിറ്റ് കൈപ്പറ്റാത്തവർ ഏപ്രിൽ 18ന് മുമ്പ് ആവശ്യമായ രേഖകൾ (ബാങ്ക് പാസ് ബുക്ക് പകർപ്പ്, തിരിച്ചറിയൽ രേഖകൾ, എസ് എസ് എൽ സി പുസ്തകത്തിന്റെ പകർപ്പ്) സഹിതം ഹോസ്റ്റൽ ഓഫീസിൽ നേരിട്ട് ഹാജരാകണം.

# ഫോബ്സ് സമ്പന്ന പട്ടിക: ഇടംപിടിച്ച് ഫിസിക്സ്‌വാല സ്ഥാപകർ

വാഷിംഗ്ടൺ ഡിസി: ഫോബ്സിൻറെ 2026 ലോക കോടീശ്വര പട്ടികയിൽ 229 കോടീശ്വരന്മാരുമായി ഇന്ത്യ മൂന്നാം സ്ഥാനത്ത്. 99.7 ബില്യൺ ഡോളർ ആസ്തിയുള്ള റിലയൻസ് ചെയർമാൻ മുകേഷ് അംബാനി 21 സ്ഥാനത്താണ്.

എഡ്ടെക് സ്ഥാപനമായ ഫിസിക്സ്‌വാലയുടെ സ്ഥാപകരായ അലഖ് പാണ്ഡെയും പ്രതീക് ബൂബും ഈ വർഷം പുതുതായി പട്ടികയിൽ ഇടംപിടിച്ചു.1991 ഒക്ടോബർ രണ്ടിന് ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ ജനിച്ച അലഖ് പാണ്ഡെ, കാൺപൂരിലെ ഹാർകോർട്ട് ബട്ട്ലർ ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ ബി. ടെക് പഠനം പാതിവഴിയിൽ ഉപേക്ഷിച്ച വ്യക്തിയാണ്.

2016ൽ ഒരു സാധാരണ യൂട്യൂബ് ചാനലായി തുടങ്ങിയ ഫിസിക്സ്‌വാല പത്ത് വർഷത്തിനുള്ളിൽ വലിയൊരു വിദ്യാഭ്യാസ പ്ലാറ്റ്ഫോമായി വളരുകയായിരുന്നു. 2025 നവംബറിൽ നടന്ന ഫിസിക്സ്‌വാലയുടെ ഐപിഒയിലൂടെ 3,480 കോടി രൂപ സമാഹരിച്ചതോടെയാണ് അലഖ് പാണ്ഡെയുടെ സമ്പാദ്യത്തിൽ വലിയ വർധനവുണ്ടായത്.

മാർച്ച് 10ലെ കണക്കനുസരിച്ച് അദ്ദേഹത്തിൻറെ ആസ്തി ഒരു ബില്യൺ ഡോളറാണ് (100 കോടി രൂപ). 2026ൽ ഫോർബ്സ് പട്ടികയിൽ റിക്കാർഡ് എണ്ണമായ 3,428 കോടീശ്വരന്മാരാണുള്ളത്, ഇവരുടെ ആകെ സമ്പാദ്യം 20. 1 ട്രില്യൺ ഡോളറായി (ഏകദേശം16 ലക്ഷം കോടി രൂപ) ഉയർന്നു. 989 കോടീശ്വരന്മാരുമായി അമേരിക്ക പട്ടികയിൽ ഒന്നാമതും 610 പേരുമായി ചൈന രണ്ടാമതുമാണ്. 839 ബില്യൺ ഡോളർ ആസ്തിയുള്ള ടെസ്‌ല സിഇഒ ഇലോൺ മസ്ക് ആണ് ലോകത്തിലെ ഏറ്റവും വലിയ ധനികൻ.

# ആന്ധ്രയിൽ ട്രെയിൻ യാത്രയ്ക്കിടെ കാണാതായ വൈദികൻ മരിച്ച നിലയിൽ

ദിബ്രുഗഡ്: ആന്ധ്രാപ്രദേശിൽ ട്രെയിൻ യാത്രയ്ക്കിടെ കാണാതായ മലയാളി വൈദികൻ മരിച്ച നിലയിൽ. ദിബ്രുഗഡ് രൂപതാംഗമായ ഫാ. ജോസഫ് മൂലനെയാണ് (91) റെയിൽവേ ട്രാക്കിനു സമീപം മരിച്ച നിലയിൽ കണ്ടെത്തിയത്.

ചൊവ്വാഴ്ച ദിബ്രുഗഡിൽ നിന്ന് എറണാകുളത്തേക്കുള്ള വിവേക് എക്സ്പ്രസിൽ യാത്ര ചെയ്യുന്നതിനിടെയാണ് ഫാ. ജോസഫ് മൂലനെ കാണാതായത്. പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരം, അദ്ദേഹത്തെ അവസാനമായി കണ്ടത് രാത്രി 10: 30 ന് രാജമുന്ദ്രി റെയിൽവേ സ്റ്റേഷനിലാണ്.

അദ്ദേഹത്തിൻറെ തിരോധാനത്തിനു പിന്നാലെ രൂപത നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് ആർപിഎഫിൻറെ നേതൃത്വത്തിൽ തിരച്ചിലും നടത്തിയിരുന്നു. ഒടുവിൽ ആന്ധ്രയിലെ ഏലൂരിലെ ഒരു റെയിൽവേ ട്രാക്കിന് സമീപമാണ് അദ്ദേഹത്തിൻറെ മൃതദേഹം കണ്ടെത്തിയത്.

യാത്രയ്ക്കിടെ അബദ്ധത്തിൽ ട്രെയിനിൽ നിന്ന് വീണതായിരിക്കാമെന്നാണ് പ്രാഥമിക നിഗമനം.

അതേസമയം, ഫാ. ജോസഫ് മൂലൻറെ അപ്രതീക്ഷിത വിയോഗം രൂപതയ്ക്കും കുടുംബത്തിനും നികത്താനാകാത്ത നഷ്ടമാണെന്ന് ദിബ്രുഗഡ് ബിഷപ്പ് ആൽബർട്ട് ഹെമ്രോം പ്രസ്താവനയിൽ അറിയിച്ചു.

# അമിത് ഷാ മാർച്ച് 28–ന് ബംഗാളിലേക്ക്; തൃണമൂലിനെതിരെ ബിജെപി കുറ്റപത്രം പുറത്തിറക്കും

കോൽക്കത്ത: കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മാർച്ച് 28ന് പശ്ചിമ ബംഗാൾ സന്ദർശിക്കും. സംസ്ഥാനത്ത് ബിജെപിയുടെ രാഷ്ട്രീയ സ്വാധീനം ശക്തമാക്കുന്നതിൻറെ ഭാഗമായാണ് ഈ സന്ദർശനം. സന്ദർശന വേളയിൽ ഭരണകക്ഷിയായ തൃണമൂൽ കോൺഗ്രസിനെതിരെ ബിജെപി ഒരു ഔദ്യോഗിക 'കുറ്റപത്രം' പുറത്തിറക്കും.

തൃണമൂൽ സർക്കാരിൻറെ അഴിമതികൾ, ഭരണപരാജയങ്ങൾ, ക്രമസമാധാന തകർച്ച എന്നിവ അക്കമിട്ട് നിരത്തുന്ന രേഖയായിരിക്കും അമിത് ഷാ പുറത്തിറക്കുന്നത്. നിയമനങ്ങളിലെ ക്രമക്കേടുകൾ, സാമ്പത്തിക കെടുകാര്യസ്ഥത എന്നിവയിൽ കുറ്റപത്രം ശ്രദ്ധ കേന്ദ്രീകരിക്കും. കഴിഞ്ഞ 15 വർഷത്തെ തൃണമൂൽ ഭരണത്തിലെ 'ദുർഭരണവും അഴിമതിയും' തുറന്നുകാട്ടുന്ന വിശദമായ ശ്വേതപത്രവും ബിജെപി ഇതിനൊപ്പം പുറത്തുവിടും. സംസ്ഥാനത്തെ ഖനന മേഖലയിലടക്കമുള്ള 'മാഫിയാ രാജ്' അവസാനിപ്പിക്കുന്നതും പ്രകൃതി വിഭവങ്ങളുടെ കടത്ത് തടയുന്നതും ബിജെപി പ്രധാന പ്രചാരണ വിഷയമാക്കും. ബിജെപിയുടെ നിയമസഭാ തെരഞ്ഞെടുപ്പ് പത്രിക ഏപ്രിൽ ആദ്യവാരം പുറത്തിറക്കാനാണ് പദ്ധതിയെന്ന് പാർട്ടി വൃത്തങ്ങൾ സൂചിപ്പിച്ചു. അടിസ്ഥാന സൗകര്യ വികസനം, തൊഴിലവസരങ്ങൾ, സ്ത്രീക്ഷേമം എന്നിവയ്ക്കായിരിക്കും പത്രികയിൽ മുൻഗണന നൽകുക.

# മാർക്കാപുരം ബസ് അപകടം: മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രി ധനസഹായം പ്രഖ്യാപിച്ചു

ന്യൂഡൽഹി: ആന്ധ്രാപ്രദേശിലെ മാർക്കാപുരത്തുണ്ടായ വാഹനാപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ധനസഹായം പ്രഖ്യാപിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50, 000 രൂപ വീതവുമാണ് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചത്.

തെലങ്കാനയിലെ നിർമ്മലിൽ നിന്ന് നെല്ലൂരിലേക്ക് പോവുകയായിരുന്ന ഹരികൃഷ്ണ ട്രാവൽസിൻറെ സ്വകാര്യ ബസ് ഒരു ടിപ്പർ ലോറിയുമായി കൂട്ടിയിടിച്ചാണ് അപകടമുണ്ടായത്. സ്ലാബ് ക്വാറികൾക്ക് സമീപം നടന്ന അപകടത്തിൽ 13 പേർ മരിക്കുകയും 20 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കൂട്ടിയിടിക്ക് പിന്നാലെ ബസിന് തീപിടിക്കുകയും പൂർണമായും കത്തിനശിക്കുകയും ചെയ്തു. അപകടത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആന്ധ്രപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. പരിക്കേറ്റ 20 പേരെ വിവിധ ആശുപത്രികളിലേക്ക് മാറ്റി. ഇവർക്ക് ആവശ്യമായ എല്ലാ വൈദ്യസഹായവും ഉറപ്പാക്കാൻ മുഖ്യമന്ത്രി നിർദേശിച്ചു.

# 'ഇറാൻെറ സുപ്രീം ലീഡർ ആകാൻ ആവശ്യപ്പെട്ടു, എനിക്ക് താത്പര്യമില്ലെന്ന് പറഞ്ഞു': അവകാശവാദവുമായി ട്രംപ്

വാഷിംഗ്ടൺ: ഇറാൻ ഭരണകൂടം തന്നെ അവരുടെ പരമോന്നത നേതാവാക്കാൻ താത്പര്യം പ്രകടിപ്പിച്ചിരുന്നുവെന്ന വിചിത്രമായ അവകാശവാദവുമായി അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. എന്നാൽ താൻ ആ വാഗ്ദാനം സ്നേഹപൂർവ്വം നിരസിച്ചതായും ട്രംപ് വെളിപ്പെടുത്തി. ഇറാനിലെ ഭരണസമിതി തന്നെ സമീപിച്ച് ആത്മീയവും രാഷ്ട്രീയവുമായ പരമാധികാരമുള്ള 'സുപ്രീം ലീഡർ' സ്ഥാനം ഏറ്റെടുക്കാൻ ആവശ്യപ്പെട്ടുവെന്നാണ് ട്രംപിൻറെ വാദം.

'ഇറാൻ എന്നെ അവരുടെ പരമോന്നത നേതാവാക്കാൻ ആഗ്രഹിച്ചിരുന്നു, എന്നാൽ ഞാൻ 'വേണ്ട, നന്ദി' എന്ന് മറുപടി നൽകി, ' ട്രംപ് പറഞ്ഞു. പശ്ചിമേഷ്യയിൽ അമേരിക്കയും ഇറാനും തമ്മിൽ കടുത്ത സൈനിക സംഘർഷം നിലനിൽക്കുന്നതിനിടയിലാണ് ഇത്തരമൊരു പ്രസ്താവന പുറത്തുവരുന്നത്.

# മുംബൈയിൽ പതിനേഴുകാരൻ ഓടിച്ച കാറിടിച്ച് വ്യവസായി മരിച്ചു

മുംബൈ: മഹാരാഷ്ട്രയിലെ കല്യാണിൽ പതിനേഴുകാരൻ ഓടിച്ച കാറിടിച്ച് വ്യവസായി മരിച്ചു. കല്യാണിലെ നിരവധി വസ്ത്രശാലകളുടെ ഉടമ ശ്രീനിവാസ് തണ്ഡലെ (42) ആണ് മരിച്ചത്. അമിതവേഗത്തിൽ വന്ന കാർ സൈക്കിളിൽ യാത്ര ചെയ്യുകയായിരുന്ന ശ്രീനിവാസനെ ഇടിക്കുകയായിരുന്നു. ഇദ്ദേഹത്തെ ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. വ്യായാമത്തിലൂടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സൈക്കിൾ സവാരി ആരംഭിച്ച ദിവസം തന്നെയാണ് അപകടമുണ്ടായത്.

അശ്രദ്ധമായി വാഹനമോടിച്ചതിന് കർശന നടപടിയെടുക്കണമെന്ന് ശ്രീനിവാസൻറെ സഹോദരൻ ഗണേഷ് ആവശ്യപ്പെട്ടതിനെ തുടർന്ന് വാഹനമോടിച്ച കുട്ടിക്കും വഹനത്തിൻറെ ഉടമയായ കുട്ടിയുടെ അമ്മക്കും എതിരെ പോലീസ് കേസെടുത്തിട്ടുണ്ട്.

# ഡൽഹിയിൽ പതിനാറുകാരനെ കുത്തിക്കൊന്നു; പ്രായപൂർത്തിയാകാത്ത മൂന്ന് പേർ പിടിയിൽ

ന്യൂഡൽഹി: ഡൽഹിയിലെ ദിയാൽപൂരിൽ പതിനാറുകാരനെ പ്രായപൂർത്തിയാകാത്ത മൂന്ന് പേർ ചേർന്ന് കുത്തിക്കൊന്നു. നെഹ്റു വിഹാറിൽ പരിക്കേറ്റ് അബോധാവസ്ഥയിൽ കിടന്ന കുട്ടിയെ ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംഭവത്തിന് പിന്നാലെ 13 നും 17 നും ഇടയിൽ പ്രായമുള്ള മൂന്ന് പേരെ പോലീസ് പിടികൂടി. കൊലപാതകത്തിന് ഉപയോഗിച്ച കത്തിയും ഇവരുടെ പക്കൽ നിന്നും കണ്ടെത്തി. മരിച്ചയാൾ പ്രതികളിൽ ഒരാളെ ഭീഷണിപ്പെടുത്തിയതിനെ തുടർന്നാണ് കൊലചെയ്തതെന്ന് ഇവർ പോലീസിനോട് പറഞ്ഞു.

ഫോറൻസിക്ക് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി തെളിവുകൾ ശേഖരിച്ചു. സംഭവത്തിൽ കേസെടുത്ത് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി അയച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഗോൾവാൾക്കർ ജന്മശതാബ്ദിയിൽ സതീശൻ പങ്കെടുത്തത് ഏത് ഡീൽ ആയിരുന്നു: പിണറായി വിജയൻ

തിരുവനന്തപുരം: ഡീൽ ആരോപണത്തിൽ പ്രതിപക്ഷ നേതാവ് വി. ഡി. സതീശനെതിരെ വിമർശനവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. 2006-ൽ പറവൂരിൽ ആർഎസ്എസ് നടത്തിയ ഗോൾവാൾക്കർ ജന്മശതാബ്ദി ആഘോഷ ചടങ്ങിൽ ഉദ്ഘാടകനായി പങ്കെടുക്കുകയും ഗോൾവാൾക്കറുടെ ഫോട്ടോയ്ക്കു മുന്നിൽ താണുവണങ്ങി വിളക്കു കൊളുത്തുകയും ചെയ്തത് ഏത് ഡീൽ ആയിരുന്നെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ വ്യക്തമാക്കണമെന്ന് മുഖ്യമന്ത്രി ഫേസ്ബുക്ക് കുറിപ്പിൽ ആവശ്യപ്പെട്ടു.

ഈ പരിപാടിയെ പറ്റി ചോദിക്കുമ്പോൾ 2013-ലെ മറ്റൊരു പരിപാടിയെപ്പറ്റി പറഞ്ഞുകൊണ്ട് സ്ഥിരമായി രക്ഷപ്പെടുകയാണ് സതീശൻ ചെയ്യുന്നത്. 2006-ലെ ഗോൾവാൾക്കർ ജന്മശതാബ്ദി ആഘോഷത്തിൽ പങ്കെടുത്ത വിഷയത്തിൽ സതീശൻറെ മറുപടി എന്താണെന്നറിയാൻ മതനിരപേക്ഷ കേരളത്തിലെ ജനങ്ങൾക്ക് അവകാശമുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.ആർഎസ്എസിൻറെ രണ്ടാം സർസംഘചാലകും ആ പദവിയിൽ ഏറ്റവും കൂടുതൽ കാലം ഇരുന്നയാളുമായ ഗോൾവാൾക്കറെ പൂവിട്ടു പൂജിക്കാൻ സതീശൻ കണ്ടെത്തിയ സമയവും പ്രധാനമാണ്. നിയമസഭാ തെരഞ്ഞെടുപ്പിൻറെ തൊട്ടുമുമ്പ്, 2006 ഫെബ്രുവരിയിലായിരുന്നു പറവൂർ മനക്കപ്പടി സ്കൂളിൽ പ്രസ്തുത പരിപാടി നടന്നത്. 2001-ലെയും 2006-ലെയും നിയമസഭാ തെരഞ്ഞെടുപ്പിൽ സതീശൻ ആർഎസ്എസ് പിന്തുണ അഭ്യർഥിച്ചുവെന്ന് ഹിന്ദു ഐക്യവേദി സംസ്ഥാന അധ്യക്ഷൻ വെളിപ്പെടുത്തിയത് 2022-ലാണ്. ഈ വിഷയത്തിലും പ്രതിപക്ഷ നേതാവ് ഇതുവരെയും വ്യക്തമായ മറുപടി നൽകിയിട്ടില്ല. ആർഎസ്എസ് പിന്തുണ ഉറപ്പാക്കാനുള്ള ശ്രമമായിരുന്നു അന്നത്തെ ഗോൾവാൾക്കർ പൂജയെന്ന് സംശയിക്കുന്നവരെ കുറ്റം പറയാൻ കഴിയില്ല. 2006-ൽ പറവൂരിലെ ഡീൽ എന്തായിരുന്നുവെന്ന് ഇനിയെങ്കിലും പ്രതിപക്ഷ നേതാവ് വ്യക്തമാക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

# നേമത്ത് ശിവൻകുട്ടിയുടേത് 'തറ രാഷ്ട്രീയം'; അപരൻ സിപിഎം ബ്രാഞ്ച് സെക്രട്ടറിയെന്ന് ബിജെപി

തിരുവനന്തപുരം: നേമം നിയമസഭാ മണ്ഡലത്തിൽ ബിജെപി സ്ഥാനാർഥി രാജീവ് ചന്ദ്രശേഖറിനെതിരെ അപരനെ ഇറക്കിയത് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയുടെ 'തറ രാഷ്ട്രീയ'മാണെന്ന് ബിജെപി തിരുവനന്തപുരം സിറ്റി ജില്ലാ അധ്യക്ഷൻ കരമന ജയൻ. നേമത്ത് സ്വതന്ത്രനായി പത്രിക സമർപ്പിച്ച രാജീവ് കുമാർ സിപിഎമ്മിൻറെ സജീവ പ്രവർത്തകനാണ്.

നേമത്തു സ്വതന്ത്രനായി മത്സരിക്കുന്ന രാജീവ് കുമാർ സിപിഎം ആറന്നൂർ എ ബ്രാഞ്ച് സെക്രട്ടറിയാണെന്നു കരമന ജയൻ ചൂണ്ടിക്കാട്ടി.

ഒരു ബ്രാഞ്ച് സെക്രട്ടറി തന്നെ അപരനായി രംഗത്തിറങ്ങിയ സാഹചര്യത്തിൽ ഇദ്ദേഹം സിപിഎമ്മിൻറെ അപരനാണോ അതോ വിമതനാണോ എന്നു ശിവൻകുട്ടി വ്യക്തമാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

തെരഞ്ഞെടുപ്പിലെ പരാജയം മുൻകൂട്ടി കണ്ടാണ് ശിവൻകുട്ടി ഇത്തരം തറവേലകൾ കാണിക്കുന്നത്. അപരന്മാരെ ഇറക്കി രാജീവ് ചന്ദ്രശേഖറിനെ തോൽപ്പിക്കാമെന്നു കരുതുന്നവർ മൂഢസ്വർഗത്തിലാണെന്നും ബിജെപി കുറ്റപ്പെടുത്തി. കോർപ്പറേഷൻ തെരഞ്ഞെടുപ്പോടെ തിരുവനന്തപുരം നഗരത്തിലെ നാലു മണ്ഡലങ്ങളിലും സിപിഎം തകർന്നടിഞ്ഞുവെന്നും ജില്ലയിലെ നാല് ബിജെപി സ്ഥാനാർത്ഥികളും വൻ ഭൂരിപക്ഷത്തിൽ വിജയിക്കുമെന്നും കരമന ജയൻ അവകാശപ്പെട്ടു.

# തൃക്കരിപ്പൂരിൽ സന്ദീപ് വാര്യരുടെ ഫ്ലക്സ് ബോർഡ് നശിപ്പിച്ചു; സിസിടിവി ദൃശ്യങ്ങൾ പുറത്ത്

കാസർഗോഡ്: തൃക്കരിപ്പൂർ മെട്ടമ്മലിൽ സ്ഥാപിച്ചിരുന്ന കോൺഗ്രസ് നേതാവ് സന്ദീപ് വാര്യരുടെ ഫ്ലക്സ് ബോർഡ് നശിപ്പിച്ചു. സംഭവത്തിന് പിന്നിൽ സിപിഎം പ്രവർത്തകരാണെന്ന് യുഡിഎഫ് ആരോപിച്ചു. ബോർഡ് നശിപ്പിക്കുന്നതിൻറെ സിസിടിവി ദൃശ്യങ്ങൾ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്.

തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ മെട്ടമ്മൽ എന്ന സ്ഥലത്താണ് സംഭവം നടന്നത്. ബോർഡ് നശിപ്പിച്ചത് സിപിഎം പ്രവർത്തകരാണെന്നും രാഷ്ട്രീയ വൈരാഗ്യമാണ് ഇതിന് പിന്നിലെന്നും യുഡിഎഫ് നേതൃത്വം ആരോപിക്കുന്നു. പ്രദേശത്തെ സിസിടിവി ക്യാമറകളിൽ പതിഞ്ഞ ദൃശ്യങ്ങൾ യുഡിഎഫ് പുറത്തുവിട്ടു. ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി വേണമെന്നാണ് ആവശ്യം. പ്രദേശത്ത് രാഷ്ട്രീയ സംഘർഷം ഒഴിവാക്കാൻ പോലീസ് ജാഗ്രത പാലിക്കുന്നുണ്ട്.

# സാദിഖലി തങ്ങൾക്കെതിരായ അപകീർത്തി പോസ്റ്റ്; പ്രതിയെ തിരിച്ചറിഞ്ഞു

മലപ്പുറം: മുസ്‌ലിം ലീഗ് അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങളെ അപകീർത്തിപ്പെടുത്തുന്ന ഫെയ്സ്ബുക്ക് പോസ്റ്റ് ഇട്ടയാളെ പോലീസ് തിരിച്ചറിഞ്ഞു. പെരിന്തൽമണ്ണ സ്വദേശി മുഹമ്മദ് റോഷനാണ് പോസ്റ്റിനു പിന്നിലെന്നും ഇയാൾ കാപ്പ കേസ് പ്രതിയാണെന്നും പോലീസ് പറഞ്ഞു.

വ്യാജ ദൃശ്യങ്ങൾ കാണിച്ച് സാദിഖലി തങ്ങളുടെ ബന്ധുവിനോട് 15 കോടി രൂപ പ്രതി ആവശ്യപ്പെട്ടു. ഇത് നിരസിച്ചപ്പോഴാണ് വ്യാജ എഫ്ബി അക്കൗണ്ടുണ്ടാക്കി തങ്ങളെ അപകീർത്തിപ്പെടുത്തിയത്. മു ഈനലി തങ്ങളെയാണ് മുഹമ്മദ് റോഷൻ പണത്തിനായി സമീപിച്ചത്. ഇടനിലക്കാർ വഴിയായിരുന്നു ഭീഷണി.

റോഷനാണ് ഭീഷണിക്ക് പിന്നിലെങ്കിലും ഇയാൾ തന്നെയാണോ വിവാദ പോസ്റ്റ് ഇട്ടതെന്ന് വ്യക്തമായിട്ടില്ല. ഇക്കാര്യത്തിൽ ഐപി അഡ്രസ് ഉൾപ്പെടെ ശാസ്ത്രീയ തെളിവ് കിട്ടേണ്ടതുണ്ടെന്ന് സൈബർ സെൽ വ്യക്തമാക്കി. ആരോപണം ഉന്നയിക്കപ്പെട്ടതിന് പിന്നാലെ സാദിഖലി തങ്ങൾ പോലീസിൽ പരാതി നൽകിയിരുന്നു.

കാപ്പാ കേസ് പ്രതിയായ റോഷൻ ഇപ്പോൾ ഒളിവിലാണ്. ഇയാൾ വൈകാതെ പിടിയിലാകുമെന്നും പോലീസ് പറഞ്ഞു. പെരിന്തൽമണ്ണ പോലീസാണ് കേസ് അന്വേഷിക്കുന്നത്.

# പ്രതിഭക്കെതിരായ അധിക്ഷേപ പരാമർശം; കേസെടുക്കാൻ നിർദേശിച്ച് ജില്ലാ കളക്ടർ

ആലപ്പുഴ: യു. പ്രതിഭക്കെതിരായ സ്ത്രീവിരുദ്ധ പരാമർശത്തിൽ മുസ്‌ലിം ലീഗ് നേതാവ് ഇർഷാദ് ചക്കാലശേരിക്കെതിരെ കേസെടുക്കാൻ ജില്ലാ കളക്ടർ പോലീസിനു നിർദേശം നൽകി. പ്രഥമദൃഷ്ട്യാ മാതൃകാപ്പെരുമാറ്റച്ചട്ട ലംഘനം കണ്ടെത്തിയെന്ന് ചൂണ്ടിക്കാട്ടിയാണ് കേസെടുക്കാൻ നിർദേശം നൽകിയതെന്ന് കളക്ടർ വ്യക്തമാക്കി. സ്ത്രീകളുടെ അഭിമാനത്തെ ക്ഷതപ്പെടുത്തൽ, തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് അടിസ്ഥാനരഹിതമായ പ്രസ്താവന നടത്തൽ, തെരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കുന്ന വിധത്തിലുള്ള തെറ്റായ പ്രസ്താവന നടത്തൽ, അപകീർത്തിപ്പെടുത്തൽ തുടങ്ങിയ വകുപ്പുകൾ ഉൾപ്പെടുത്തി കേസെടുക്കാനാണ് പോലീസിന് നിർദേശം നൽകിയത്. ചൊവ്വാഴ്ച കായംകുളത്ത് നടന്ന യുഡിഎഫ് കൺവൻഷനിടെയാണ് എ. ഇർഷാദ് എൽഡിഎഫ് സ്ഥാനാർഥിയായ പ്രതിഭയ്ക്കെതിരെ സ്ത്രീവിരുദ്ധ പരാമർശം നടത്തിയത്. സംഭവം വിവാദമായതിന് പിന്നാലെ ഇർഷാദിനെ ലീഗിൽനിന്ന് സസ്പെൻഡു ചെയ്തിരുന്നു.

# ട്രെയിനിൽ പത്തുവയസുകാരിക്ക് നേരെ ലൈംഗികാതിക്രമം: ബെഡ് റോൾ ജീവനക്കാരൻ പിടിയിൽ

കോഴിക്കോട്: ഓഖ - എറണാകുളം എക്സ്പ്രസിൽ യാത്ര ചെയ്യുകയായിരുന്ന പത്തുവയസുകാരിക്ക് നേരെ ലൈംഗികാതിക്രമം നടത്തിയ റെയിൽവേ ബെഡ് റോൾ ജീവനക്കാരൻ പിടിയിലായി. ഉത്തർപ്രദേശിലെ കാൺപൂർ സ്വദേശിയായ നൻഹക്കുവിനെയാണ് (30) കോഴിക്കോട് റെയിൽവേ പോലീസ് അറസ്റ്റ് ചെയ്തത്. പ്രതിക്ക് മേൽ പോക്സോ നിയമപ്രകാരം കേസെടുത്തു. കുട്ടിയും കുടുംബവും ട്രെയിനിൽ യാത്ര ചെയ്യവെയാണ് സംഭവം. ട്രെയിൻ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ കുട്ടിയുടെ അമ്മ വെള്ളം വാങ്ങാനായി പുറത്തിറങ്ങി. ഈ സമയം നോക്കി പ്രതി കുട്ടിയുടെ അടുത്തെത്തി മോശമായി പെരുമാറുകയായിരുന്നു. അമ്മ തിരികെ എത്തിയപ്പോൾ കുട്ടി വിവരം അറിയിക്കുകയും തുടർന്ന് കോഴിക്കോട് റെയിൽവേ പൊലീസിൽ പരാതി നൽകുകയും ചെയ്തു.രാതി ലഭിച്ചതിന് പിന്നാലെ പൊലീസ് പ്രതിക്കായി തിരച്ചിൽ ആരംഭിച്ചു. കോഴിക്കോട് വെച്ച് ഇയാളെ കണ്ടെത്താനായില്ലെങ്കിലും പിന്നീട് എറണാകുളത്ത് വെച്ച് പൊലീസ് കസ്റ്റഡിയിലെടുക്കുകയായിരുന്നു. പ്രതിയെ കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

# കൊടുംചൂടിൽ തെല്ലാശ്വാസം; തിങ്കളാഴ്ച വരെ ഇടിയോടുകൂടി മഴയെത്തും

തിരുവനന്തപുരം: സംസ്ഥാനത്തു വീണ്ടും മഴ മുന്നറിയിപ്പ്. ഒറ്റപ്പെട്ടയിടങ്ങളിൽ വെള്ളി, തിങ്കൾ ദിവസങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശനി, ഞായർ ദിവസങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും സാധ്യതയുണ്ട്. മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നു കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

അതേസമയം, കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ അടുത്ത അഞ്ചു ദിവസത്തേക്കുള്ള മഴ സാധ്യതാ പ്രവചനം അനുസരിച്ച് ഒരു ജില്ലകളിലും പ്രത്യേക മുന്നറിയിപ്പില്ല. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നു മത്സ്യബന്ധനത്തിനു തടസമില്ലെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## കരമന സുധീറിനായി പ്രചരണത്തിനിറങ്ങി ആൻറണി രാജു

തിരുവനന്തപുരം: തിരുവനന്തപുരത്തെ എൽഡിഎഫ് സ്ഥാനാർഥി കരമന സുധീറിൻറെ പ്രചരണത്തിന് മുൻ എംഎൽഎ ആൻറണി രാജു എത്തി. വഞ്ചിയൂർ മേഖലാ കമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് കൺവൻഷനിലാണ് ആൻറണിയെത്തിയത്. കരമന സുധീറിന് വേണ്ടി ആൻറണി രാജു തെരഞ്ഞെടുപ്പ് പ്രചരണത്തിനെത്താത്തത് ചർച്ചയായിരുന്നു. ജനാധിപത്യ കേരള കോൺഗ്രസിൻറെ സീറ്റിൽ പൊതുസ്വതന്ത്രനെ നിർത്തിയതിൽ പാർട്ടിക്ക് വലിയ എതിർപ്പ് ഉണ്ടായിരുന്നു.

അതേസമയം കഴിഞ്ഞദിവസം സാമൂഹികമാധ്യമങ്ങളിലൂടെ സുധീർ കരമനയ്ക്ക് വോട്ട് ചെയ്യണമെന്ന് അഭ്യർഥിച്ച് ആൻറണി രാജു ഒരു വീഡിയോ പങ്കുവച്ചിരുന്നു.

# മഞ്ചേശ്വരത്ത് എസ്ഡിപിഐ മത്സരിക്കില്ല; സ്ഥാനാർഥിയെ പിൻവലിച്ചു

കാസർഗോഡ്: നിയമസഭാ തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരത്ത് മത്സരിക്കാൻ നാമനിർദേശ പത്രിക നൽകിയ എസ്ടിപിഐ സ്ഥാനാർഥിയെ പിൻവലിച്ചു. പത്രിക പിൻവലിക്കുകയാണെന്ന് സ്ഥാനാർഥി കെ. എം. അഷ്റഫ് പറഞ്ഞു. മഞ്ചേശ്വരത്ത് രാവിലെ ചേർന്ന എസ്ടിപിഐ യോഗത്തിലാണ് സ്ഥാനാർഥിയെ പിൻവലിക്കാനുള്ള തീരുമാനമുണ്ടായത്. സ്ഥാനാർഥിത്വം പിൻവലിക്കാൻ സംസ്ഥാന നേതൃത്വം ആവശ്യപ്പെട്ടുവെങ്കിലും പ്രാദേശിക നേതൃത്വവും സ്ഥാനാർഥിയായ കെ. എം. അഷ്റഫും വിസമ്മതിക്കുകയായിരുന്നു. ഇതിനു പിന്നാലെ അഷ്റഫ് യോഗത്തിൽ നിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു. തുടർച്ചയായി നടത്തിയ ചർച്ചയ്ക്കൊടുവിലാണ് മത്സരിക്കുന്നില്ലെന്ന നിലപാടിലേക്ക് എസ്ഡിപിഐ എത്തിയത്. എൻഡിഎ കാലങ്ങളായി രണ്ടാം സ്ഥാനത്തു എത്തുന്ന മണ്ഡലമാണ് മഞ്ചേശ്വരം. മുസ്‌ലിം ലീഗിൻറെ എ. കെ. എം. അഷ്റഫാണ് യുഡിഎഫ് സ്ഥാനാർഥി. യുഡിഎഫ് സ്ഥാനാർഥിയുടെ പേരിന് സമാനമായ പേരുള്ള കെ. എം. അഷ്റഫ് കൂടി മത്സരരംഗത്തേക്ക് എത്തുമ്പോൾ വോട്ടുകൾ ഭിന്നിച്ചുപോകുമെന്ന് വിലയിരുത്തലുണ്ടായിരുന്നു.

# മുഖ്യമന്ത്രിയുടെ ചെറ്റത്തരം പരാമർശം; ഓരോരുത്തർക്കും ഓരോ ശൈലിയുണ്ടെന്ന് എം. എ. ബേബി

പത്തനംതിട്ട: മുഖ്യമന്ത്രി പിണറായി വിജയൻറെ ചെറ്റത്തരം, വീട്ടിൽ പോയി ചോദിക്ക് പരാമർശങ്ങളിൽ പ്രതികരണവുമായി സിപിഎം ജനറൽ സെക്രട്ടറി എം. എ. ബേബി. ഓരോരുത്തർക്കും ഓരോ ശൈലിയുണ്ടെന്നും അതിനനുസരിച്ചാകും വാക്കുകൾ പ്രയോഗിക്കുകയെന്നും എം. എ. ബേബി പറഞ്ഞു. പിണറായിക്ക് ഒരു പ്രവർത്തനശൈലിയുണ്ട്. അത് അച്ചടക്കത്തിൻറേതാണ്. പക്ഷേ പൊതു ജനങ്ങളോട് പെരുമാറുമ്പോൾ സൂക്ഷ്മതയും കരുതലും വേണം. ഇത് എല്ലാവർക്കും ബാധകമാണ്. അപ്പോഴും ഓരോരുത്തർക്കും അവരവരുടെ ശൈലിയുണ്ടെന്നും ബേബി വ്യക്തമാക്കി. ചെറ്റത്തരം പ്രയോഗത്തിലൂടെ ഒരു വ്യക്തിയെ അല്ല വ്യക്തിയുടെ നിലപാടിനെയാണ് വിമർശിച്ചത്. ഇത് വിവാദമാക്കേണ്ട കാര്യമില്ലെന്നും സിപിഎം ജനറൽ സെക്രട്ടറി കൂട്ടിച്ചേർത്തു. സിപിഎം വിട്ട് യുഡിഎഫ് പിന്തുണയോടെ മത്സരിക്കുന്ന ജി. സുധാകരനെതിരായ ചെറ്റത്തരം പ്രയോഗവും പൊതുയോഗത്തിനിടെ ചോദ്യം ചോദിച്ചയാളോട് വീട്ടിൽ പോയി ചോദിക്ക് എന്ന മുഖ്യമന്ത്രിയുടെ പരാമർശവും വിവാദമായിരുന്നു.

# മഞ്ചേശ്വരത്ത് യുഡിഎഫ് – എസ്ഡിപിഐ ഡീൽ: കെ. സുരേന്ദ്രൻ

കാസർഗോഡ്: മഞ്ചേശ്വരം മണ്ഡലത്തിലെ എസ്ഡിപിഐ സ്ഥാനാർഥി നാമനിർദേശ പത്രിക പിൻവലിച്ചതിൽ പ്രതികരണവുമായി എൻഡിഎ സ്ഥാനാർഥി കെ. സുരേന്ദ്രൻ. വി. ഡി. സതീശനും കുഞ്ഞാലിക്കുട്ടിയും ഇടപെട്ടാണ് കെ. എം. അഷ്റഫിൻറെ പത്രിക പിൻവലിപ്പിച്ചതെന്നു സുരേന്ദ്രൻ ആരോപിച്ചു.

മുസ്‌ലിം സംഘടനകളെ ഉപയോഗിച്ചാണ് സമ്മർദം ചെലുത്തിയത്. വി. ഡി. സതീശനു നട്ടെല്ലിനു പകരം വാഴപ്പിണ്ടിയാണുള്ളത് അല്ലെങ്കിൽ എസ്ഡിപിഐ വോട്ടുകൾ വേണ്ടെന്നു പറയണം. ഇതൊന്നും ഇവിടെ വിലപ്പോകില്ല. മഞ്ചേശ്വരത്ത് ഇത്തവണ എൻഡിഎ വിജയിക്കുമെന്നും അദ്ദേഹം പറഞ്ഞു. വ്യാഴാഴ്ച രാവിലെ എസ്ഡിപിഐ സംസ്ഥാന പ്രസിഡൻറ് സി. പി. ലത്തീഫിൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് സ്ഥാനാർഥിയെ പിൻവലിക്കാൻ തീരുമാനിച്ചത്. ഇതിൽ പ്രതിഷേധിച്ച് കെ. എം. അഷ്റഫ് പാർട്ടിയിൽനിന്നു രാജിവച്ചു

# മോശമായി പെരുമാറിയ അധ്യാപകനെ വിദ്യാർഥിനി ചെരുപ്പുകൊണ്ടടിച്ചു

ബംഗളൂരു: ബംഗളൂരു നെലമംഗലയിൽ മോശമായി പെരുമാറിയ അധ്യാപകനെ വിദ്യാർഥിനി ചെരുപ്പുകൊണ്ടടിച്ചു. കർണാടക ആഭ്യന്തര മന്ത്രി ജി. പരമേശ്വരയുടെ ഉടമസ്ഥയിലുള്ള സിദ്ധാർഥ മെഡിക്കൽ കോളജിലാണ് സംഭവം. ക്ലാസിൽ വച്ച് വിദ്യാർഥിനിക്ക് ചോക്ലറ്റുകൾ നൽകി കടന്നുപിടിക്കാൻ ശ്രമിക്കുകയായിരുന്നു. ഇത് എതിർത്ത വിദ്യാർഥിനി പീന്നിട് ചോദ്യം ചെയ്തപ്പോൾ ഇത്തരമൊരു സംഭവം ഉണ്ടായിട്ടില്ലെന്ന് അധ്യാപകൻ പറയുകയും ചെയ്തു. ഇതിന് പിന്നാലെ ക്ലാസിൽ നിന്നിറങ്ങിയ അധ്യാപകനെ വിദ്യാർഥിനി ചെരുപ്പൂരി അടിച്ചു. അടിയേറ്റ അധ്യാപകൻ കാറിൽ കയറി രക്ഷപ്പെട്ടു. സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# എംഡിഎംഎ വിൽപ്പന; മുൻ സന്തോഷ് ട്രോഫി താരം പിടിയിൽ

തിരുവനന്തപുരം: ഹോട്ടലിൽ മുറിയെടുത്ത് എംഡിഎംഎ വിൽപ്പന നടത്തിയ മുൻ സന്തോഷ് ട്രോഫി താരത്തെ എക്സൈസ് അറസ്റ്റ് ചെയ്തു. രഹസ്യവിവരത്തിൻറെ അടിസ്ഥാനത്തിൽ ഹോട്ടലിൽ നടത്തിയ പരിശോധനയിലാണ് നജീബ് ഖാൻ പിടിയിലായത്.

നിലവിൽ ഇയാൾ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൻറെ സൂപ്രണ്ടാണ്. മൊബൈൽ ആപ്പ് വഴി ആളുകളെ കണ്ടെത്തി എംഡിഎംഎ എത്തിച്ചുനൽകുന്നതാണ് ഇയാളുടെ രീതിയെന്ന് എക്സൈസ് സംഘം പറഞ്ഞു. പ്രമുഖർ ഉൾപ്പെടെ ഇയാളിൽനിന്ന് എംഡിഎംഎ വാങ്ങാറുണ്ടെന്നും കണ്ടെത്തി. ഇയാൾക്ക് എവിടെ നിന്ന് എംഡിഎംഎ ലഭിക്കുന്നുവെന്നു കണ്ടെത്തുന്നതിനായി അന്വേഷണം ആരംഭിച്ചു.

# പ്രതിഭയ്ക്കെതിരായ അധിക്ഷേപ പരാമർശം; ഇർഷാദിനെതിരെ കേസെടുത്തു

ആലപ്പുഴ: കായംകുളത്തെ എൽഡിഎഫ് സ്ഥാനാർഥി യു. പ്രതിഭയ്ക്കെതിരായ അധിക്ഷേപ പരാമർശം നടത്തിയതിന് മുസ്‌ലിം ലീഗ് നേതാവ് എ. ഇർഷാദിനെതിരെ പോലീസ് കേസെടുത്തു. സ്ത്രീത്വത്തെ അപമാനിക്കൽ, നവമാധ്യമങ്ങൾ വഴി അശ്ലീല ഉള്ളടക്കം പ്രചരിപ്പിക്കൽ തുടങ്ങിയ വകുപ്പുകൾ പ്രകാരമാണ് കായംകുളം പോലീസ് കേസെടുത്തത്.

അശ്ലീല ഉള്ളടക്കം പ്രചരിപ്പിച്ചതിന് ഐടി നിയമവും ചുമത്തിയിട്ടുണ്ട്. ചൊവ്വാഴ്ച കായംകുളത്ത് നടന്ന യുഡിഎഫ് കൺവൻഷനിടെയാണ് എ. ഇർഷാദ് പ്രതിഭയ്ക്കെതിരെ സ്ത്രീവിരുദ്ധ പരാമർശം നടത്തിയത്. സംഭവത്തിൽ ഇർഷാദ് ചക്കാലശേരിക്കെതിരെ കേസെടുക്കാൻ ജില്ലാ കളക്ടർ പോലീസിനു നിർദേശം നൽകിയിരുന്നു.പ്രഥമദൃഷ്ട്യാ മാതൃകാപ്പെരുമാറ്റച്ചട്ട ലംഘനം കണ്ടെത്തിയെന്ന് ചൂണ്ടിക്കാട്ടിയാണ് കേസെടുക്കാൻ നിർദേശം നൽകിയതെന്ന് കളക്ടർ വ്യക്തമാക്കി. തനിക്കെതിരെ വ്യാപകമായി സൈബർ ആക്രമണം നടക്കുകയാണ്. സൈബർ അധിക്ഷേപം തുടർന്നാൽ നിയമ നടപടി സ്വീകരിക്കുമെന്നും യു. പ്രതിഭ വ്യക്തമാക്കി.

## വട്ടിയൂർക്കാവിൽ സിപിഎം ബിജെപി ഡീൽ: കെ. മുരളീധരൻ

തിരുവനന്തപുരം: വട്ടിയൂർക്കാവിൽ സിപിഎമ്മും ബിജെപിയും തമ്മിൽ ഡീലുണ്ടെന്ന് യുഡിഎഫ് സ്ഥാനാർഥി കെ. മുരളീധരൻ. മണ്ഡലത്തിൽ ത്രികോണപ്പോരിൻറെ ലക്ഷണമില്ല. ബിജെപിയുടെ പ്രവർത്തനം മന്ദഗതിയിലാണ്.

ഇതിലൂടെ ഡീൽ വളരെ വ്യക്തമാണ്. ആർ. ശ്രീലേഖയ്ക്ക് എല്ലാം അറിയാം. വോട്ട് വി. കെ. പ്രശാന്തിനാണെന്ന് ചില കൗൺസിലർമാർ പറയുന്നു. അതിലൊന്നും ഞങ്ങൾക്ക് ഒരുതരി പരിഭവമില്ല. ബിജെപിയുടെ പത്തു വോട്ടു എൽഡിഎഫിന് പോയാൽ എൽഡിഎഫിൻറെ 20 വോട്ട് ഞങ്ങൾക്ക് ലഭിക്കുമെന്നും മുരളീധരൻ പറഞ്ഞു.

മുരളീധരൻ ശുദ്ധ അസംബന്ധം പറയുന്നുവെന്നാണ് എൻഡിഎ സ്ഥാനാർഥി ആർ. ശ്രീലേഖയുടെ പ്രതികരണം. ഈ ശുദ്ധ അസംബന്ധത്തിനൊന്നും പ്രതികരിക്കാനില്ല. മുരളീധരന് പരാജയഭീതിയാണെന്ന് ശ്രീലേഖ പറഞ്ഞു.

# അബിൻ വർക്കിയെ തടഞ്ഞു; എസ്എഫ്ഐ കെഎസ്‌യു പ്രവർത്തകർ ഏറ്റുമുട്ടി

പത്തനംതിട്ട: വോട്ട് അഭ്യർഥിച്ച് കോഴഞ്ചേരി സെൻറ് തോമസ് കോളജിലെത്തിയ യുഡിഎഫ് സ്ഥാനാർഥി അബിൻ വർക്കിയെ എസ്എഫ്ഐ പ്രവർത്തകർ തടഞ്ഞു. പ്രവർത്തകർക്കൊപ്പമെത്തിയ അബിൻ വർക്കിയെ കോളജിനകത്ത് വച്ച് എസ്എഫ്ഐ പ്രവർത്തകർ തടയുകയായിരുന്നു. തുടർന്ന് ഇരുവിഭാഗങ്ങളും തമ്മിൽ ചെറിയ രീതിയിൽ സംഘർഷമുണ്ടായി. അബിൻ വർക്കിയെ കോളജിൽ വോട്ടഭ്യർഥിക്കാൻ അനുവദിക്കില്ലെന്ന് എസ്എഫ്ഐ പ്രവർത്തകർ പറഞ്ഞുവെന്ന് കെഎസ്‌യു നേതാക്കൾ ആരോപിച്ചു. മന്ത്രി വീണാ ജോർജിനെതിരെ കരിങ്കൊടി കാണിച്ച കേസിൽ പ്രതിയായ ഒരാൾ സ്ഥാനാർഥിക്കൊപ്പമുണ്ടായിരുന്നു. ഇതാണ് പ്രകോപനത്തിന് കാരണമെന്നാണ് സൂചന. അതേസമയം തങ്ങൾ ആരെയും തടഞ്ഞിട്ടില്ലെന്ന് എസ്എഫ്ഐ നേതാക്കൾ പറഞ്ഞു. സംഘർഷ സാധ്യത കണക്കിലെടുത്ത് സ്ഥലത്ത് പോലീസ് ക്യാമ്പു ചെയ്യുകയാണ്.

# പിഎൻജി അടിസ്ഥാന സൗകര്യങ്ങൾ ശക്തമാക്കാൻ കേന്ദ്ര വിജ്ഞാപനം; പ്രകൃതിവാതക വിതരണം വിപുലീകരിക്കും

ന്യൂഡൽഹി: രാജ്യത്തെ പൈപ്പ്ഡ് നാച്ചുറൽ ഗ്യാസ് ശൃംഖല ശക്തിപ്പെടുത്തുന്നതിനും കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ പുതിയ ഉത്തരവ് പുറപ്പെടുവിച്ചു.

വീടുകളിലേക്കും വ്യവസായ സ്ഥാപനങ്ങളിലേക്കും നേരിട്ട് പാചകവാതകം എത്തിക്കുന്ന സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. നഗരങ്ങളിലെ ഗ്യാസ് വിതരണ ശൃംഖല വികസിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതികവും ഭരണപരവുമായ തടസങ്ങൾ നീക്കാൻ ഈ വിജ്ഞാപനം സഹായിക്കും.

പരിസ്ഥിതി സൗഹൃദമായ പ്രകൃതിവാതകത്തിൻറെ ഉപയോഗം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ഈ നീക്കം നടത്തുന്നത്. പുതിയ നിർദേശങ്ങൾ പ്രകാരം പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മുൻഗണന നൽകും.

ഇന്ധന ഇറക്കുമതി കുറയ്ക്കുകയും ആഭ്യന്തരമായി ഊർജ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക എന്ന വലിയ ലക്ഷ്യത്തിൻറെ ഭാഗമായാണ് പെട്രോളിയം മന്ത്രാലയത്തിൻറെ ഈ നടപടി.

പൈപ്പ് വഴി നേരിട്ട് ഗ്യാസ് എത്തുന്നതോടെ സിലിണ്ടറുകളെ ആശ്രയിക്കുന്നത് ഗണ്യമായി കുറയ്ക്കാൻ ഉപഭോക്താക്കൾക്ക് സാധിക്കും.

ഇത് പാചകവാതക വിതരണം കൂടുതൽ സുരക്ഷിതമാക്കുന്നതിനൊപ്പം ചെലവ് കുറയ്ക്കാനും സഹായിക്കും.

വരും വർഷങ്ങളിൽ രാജ്യത്തെ ഭൂരിഭാഗം നഗരങ്ങളിലും ഈ സേവനം ഉറപ്പാക്കാനുള്ള വിപുലമായ പദ്ധതികളാണ് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്.